24
2025
ജൂൺ
ചൊവ്വ
മിഥുനം 10

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.169 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-169 പേജ് 4. വില 2.00 രൂപ

02 സംസ്ഥാന മാധ്യമ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു
03 കാർഷിക മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കായി കേര പദ്ധതി
04 കരുത്ത് കാട്ടി അൻവർ, നിഷ്പ്രഭനായി സ്വരാജ്

# ഷൗക്കത്ത് നിയമസഭയിലേക്ക്

കോഴിക്കോട്: കോൺഗ്രസിന്റെ സാംസ്കാരിക മുഖമായ ആര്യാടൻ ഷൗക്കത്ത് പിതാവ് ആര്യാടൻ മുഹമ്മദിന്റെ പാരമ്പര്യം അവകാശപ്പെട്ടാണ് നിലമ്പൂരിൽ രണ്ടാംവട്ടം മത്സരത്തിനിറങ്ങിയത്. 2016-ൽ 11,504 വോട്ടുകൾക്ക് സിപിഎം സ്വതന്ത്രൻ പി. വി. അൻവറിനോട് അടിയറവ് പറഞ്ഞ ഷൗക്കത്ത് ഇത്തവണ എല്ലാ കണക്കുകളും വീട്ടി ജയിച്ചുകയറുകയായിരുന്നു.



സിപിഎമ്മിലെ യുവതലമുറയിലെ പ്രമുഖൻ എം. സ്വരാജും സിപിഎമ്മുമായി തെറ്റിപ്പിരിഞ്ഞ പി. വി. അൻവറും മികച്ച പ്രകടനം കാഴ്ചവച്ചിട്ടും ആധികാരിക ഭൂരിപക്ഷം നേടാനായത് ഷൗക്കത്തിന്റെ വിജയത്തിനു തിളക്കമേറ്റുന്നു.

2016ൽ കൈവിട്ടുപോയ മണ്ഡലത്തെ തിരിച്ചുപിടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഷൗക്കത്ത് പോരാട്ടത്തിനിറങ്ങിയത്. വിജയിച്ചുകയറി പാർട്ടി തന്നിൽ അർപ്പിച്ച വിശ്വാസം കാത്തുസൂക്ഷിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. തനിക്കെതിരായ ആരോപണങ്ങളോട് എല്ലാം പാർട്ടി മറുപടി പറയുമെന്ന് പറഞ്ഞ് തുടങ്ങിയ ഷൗക്കത്ത് ഒരിക്കൽ പോലും മറ്റ് പ്രതികരണങ്ങളിലേക്ക് പോയില്ല.

കെഎസ്‌യു താലൂക്ക് സെക്രട്ടറി, യൂത്ത് കോൺഗ്രസ് മലപ്പുറം ജില്ലാ സെക്രട്ടറി, കേരള ദേശീയവേദി മലപ്പുറം ജില്ലാ പ്രസിഡൻറ് എന്നിങ്ങനെ പടിപടിയായി സ്ഥാനങ്ങൾ ചവിട്ടിക്കയറിയ ഷൗക്കത്ത് നിലമ്പൂർ നഗരസഭ ചെയർമാൻ, രാജീവ് ഗാന്ധി പഞ്ചായത്തിരാജ് സംഘധൻ ദേശീയ കൺവീനർ, സംസ്കാര സാഹിതി സംസ്ഥാന ചെയർമാൻ എന്നീ സ്ഥാനങ്ങളും വഹിച്ചു.

സിനിമാ മേഖലയിലും വിജയിച്ചുകയറിയ ചരിത്രമാണ് ആര്യാടനുള്ളത്. പാഠം ഒന്ന് ഒരു വിലാപം, ദൈവനാമത്തിൽ, വിലാപങ്ങൾക്കപ്പുറം എന്നീ മൂന്ന് സിനിമകൾക്ക് മികച്ച തിരക്കഥയ്ക്കും സിനിമയ്ക്കുമുള്ള സംസ്ഥാന, ദേശീയ, രാജ്യാന്തര ചലച്ചിത്ര പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ ആശയാദർശനങ്ങൾ ഉയർത്തിപ്പിടിച്ച് വർത്തമാനകാലത്ത് ഫാഷിസത്തെ ചെറുക്കുന്ന പ്രമേയവുമായെത്തിയ 'വർത്തമാനം'എന്ന സിനിമയ്ക്കും കഥയെഴുതി. മാതാവ്: പി. വി മറിയം, ഭാര്യ: മുംതാസ് ബീഗം, മക്കൾ: ഡോ. ഒഷിൻ സാഗ, ഒലിൻ സാഗ, ഒവിൻ സാഗ.

# ലഹരിക്കേസിൽ നടൻ ശ്രീകാന്ത് അറസ്റ്റിൽ

ചെന്നൈ : ലഹരിക്കേസിൽ നടൻ ശ്രീകാന്ത് അറസ്റ്റിൽ. നടനെ തിങ്കളാഴ്ച രാവിലെ ചെന്നൈ പൊലീസിന്റെ ആന്റി നർക്കോട്ടിസ് ഇന്റലിജൻസ് വിഭാഗം (എഎൻഐയു) ചോദ്യം ചെയ്യാൻ വിളിപ്പിച്ചിരുന്നു. ഇതിനു പിന്നാലെയാണ് അറസ്റ്റ്. കഴിഞ്ഞ മാസം അറസ്റ്റിലായ അണ്ണാഡിഎംകെ മുൻ നേതാവിന്റെ മൊഴിയുടെ അടിസ്ഥാനത്തിലാണ് നടനെ ചോദ്യം ചെയ്യാൻ വിളിപ്പിച്ചത്. നുങ്കംപാക്കത്തെ ഒരു ബാറിൽ ഉണ്ടായ അടിപിടിയെ തുടർന്നാണ് അണ്ണാഡിഎംകെ മുൻ നേതാവായ പ്രസാദിനെ പൊലീസ് അറസ്റ്റ് ചെയ്തത്. ഇയാൾ ലഹരി ഉപയോഗിച്ചിരുന്നെന്നും പൊലീസ് അന്വേഷണത്തിൽ വ്യക്തമായിരുന്നു.

നടൻ ശ്രീകാന്തിനും ലഹരിമരുന്ന് കൈമാറിയെന്നാണ് ഇയാൾ പൊലീസിനു നൽകിയ മൊഴി. ഒരു



ഗ്രാം കൊക്കെയ്ൻ 12,000 രൂപയ്ക്ക് ശ്രീകാന്തിനു നൽകിയെന്നാണ് ഇയാൾ പൊലീസിനോട് പറഞ്ഞത്. ഇതു സംബന്ധിച്ച അന്വേഷണത്തിനാണ് ശ്രീകാന്തിനെ വിളിച്ചുവരുത്തിയത്. ശ്രീകാന്തിന്റെ രക്തസാംപിളുകൾ പരിശോധിച്ചപ്പോൾ ലഹരിസാന്നിധ്യം കണ്ടെത്തിയെന്നാണു സൂചന. ബെംഗളൂരുവിൽ താമസിക്കുന്ന ഒരു നൈജീരിയൻ പൗരനിൽ നിന്നാണ് ലഹരിമരുന്ന് വാങ്ങിയതെന്നാണ് പ്രസാദ് പൊലീസിനോടു പറഞ്ഞത്.

# ഇസ്രായേൽ ഇറാൻ സംഘർഷം സംഘർഷം രൂക്ഷമാകുന്നു

## യുഎസ് സൈനികതാവളങ്ങൾക്ക് നേരേ ഇറാന്റെ ആക്രമണം

ടെഹ്റാൻ: ഖത്തറിലെയും ഇറാഖിലെയും യുഎസ് സൈനികതാവളങ്ങൾക്ക് നേരേ ഇറാന്റെ മിസൈൽ ആക്രമണമെന്ന് റിപ്പോർട്ട്. അമേരിക്കയുടെ ഖത്തറിലെ അൽഉദൈദ് വ്യോമതാവളം ലക്ഷ്യമിട്ടാണ് ഇറാൻ മിസൈൽ ആക്രമണം നടത്തിയതെന്ന് ഇറാനിയൻ മാധ്യമങ്ങളെ ഉദ്ധരിച്ച് അന്താരാഷ്ട്രമാധ്യമങ്ങളും വാർത്താ ഏജൻസികളും റിപ്പോർട്ട് ചെയ്തു. ഇറാന്റെ മിസൈൽ ആക്രമണത്തെത്തുടർന്ന് ദോഹയിൽ സ്ഫോടനശബ്ദം കേട്ടതായും വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്തു.



അതേസമയം, അൽഉദൈദ് വ്യോമതാവളം ലക്ഷ്യമിട്ട് നടത്തിയ മിസൈൽ ആക്രമണത്തെ ഫലപ്രദമായി തടയാനായെന്ന് ഖത്തർ പ്രതിരോധ മന്ത്രാലയം അറിയിച്ചു. വ്യോമപ്രതിരോധ സംവിധാനങ്ങൾ ഉപയോഗിച്ച് മിസൈലുകൾ പ്രതിരോധിച്ചെന്നും സായുധസേന ജാഗ്രത പുലർത്തുന്നുണ്ടെന്നും മുൻകരുതൽ നടപടികൾ സ്വീകരിച്ചതായും ഖത്തർ പ്രതിരോധ മന്ത്രാലയം വ്യക്തമാക്കി. സംഭവത്തിൽ ആർക്കും പരിക്കോ ആളപായമോ ഉണ്ടായിട്ടില്ലെന്നും മന്ത്രാലയം അറിയിച്ചു. രാജ്യത്തിന്റെ അതിർത്തിയും വ്യോമപാതയും സുരക്ഷിതമാണെന്നും ഖത്തർ പ്രതിരോധ മന്ത്രാലയം പറഞ്ഞു. ഏതുഭീഷണി നേരിടാനും ഖത്തറിന്റെ സായുധസേനകൾ സജ്ജമാണെന്നും പ്രതിരോധമന്ത്രാലയം അറിയിച്ചു.ഇറാൻ വ്യോമതാവളങ്ങൾ ആക്രമിച്ചതിന് പിന്നാലെ ഇറാൻ തിരിച്ചടിച്ചതായി അൽജസീറ റിപ്പോർട്ട് ചെയ്യുന്നു. ഇസ്രായേലിന്റെ നിരവധി ഭാഗങ്ങളിലേക്ക് ഇറാൻ മിസൈലുകളും ഡ്രോണുകളും അയച്ചു. വിവിധ നഗരങ്ങളിൽ സ്ഫോടന ശബ്ദങ്ങൾ കേട്ടതായി റിപ്പോർട്ടിൽ പറയുന്നു.

തിങ്കളാഴ്ച ടെഹ്റാനിലെ വ്യോമതാവളങ്ങൾ ഇസ്രായേൽ ആക്രമിച്ചിരുന്നു. ഇതിന് പിന്നാലെയാണ് ഇറാൻ തിരിച്ചടിച്ചത്. 50ലേറെ ഫൈറ്റർ ജെറ്റുകൾ ഉപയോഗിച്ചായിരുന്നു തങ്ങളുടെ ആക്രമണമെന്ന് ഇസ്രയേൽ സൈന്യം അറിയിച്ചു. ഇറാനിലെ ആറ് വിമാനത്താവളങ്ങളിൽ ആക്രമണം നടത്തിയെന്നാണ് ഇസ്രയേൽ നേരത്തെ അവകാശപ്പെട്ടത്. പതിനഞ്ചിലേറെ വ്യോമസേനാ വിമാനങ്ങൾ നശിപ്പിച്ചെന്നും ഐഡിഎഫ് അവകാശവാദം ഉന്നയിച്ചിരുന്നു.

അതേസമയം, അവസാനംവരെ പോരാടാൻ തങ്ങൾ തയ്യാറാണെന്ന് ഇറാൻ മന്ത്രി പറഞ്ഞു. ആവശ്യമുള്ള കാലത്തോളം യുദ്ധം തുടരാൻ ഇറാൻ തയ്യാറാണ്. ഇസ്രയേലിന്റെ വീണ്ടുവിചാരമില്ലാത്ത പ്രവർത്തനങ്ങൾ തടയാൻ ഇറാൻ പ്രവർത്തിക്കുന്നുണ്ടെന്നും ഇറാൻ വിദ്യാഭ്യാസ, ഗവേഷണ വിദേശകാര്യസഹമന്ത്രി സയീദ് ഖതിബ്സാദെ പറഞ്ഞതായി അൽജസീറ റിപ്പോർട്ട് ചെയ്തു. 'ഞങ്ങൾ തുടരും... അവസാനംവരെ പോകാൻ ഞങ്ങൾ തയ്യാറാണ്', സയീദ് ഖതിബ്സാദ പറഞ്ഞു. 198088 കാലത്തെ ഇറാൻഇറാഖ് യുദ്ധം ചൂണ്ടിക്കാട്ടിയായിരുന്നു അദ്ദേഹത്തിൻറെ പ്രതികരണം.

ഇസ്രായേൽ വ്യോമാക്രമണത്തിൽ ഇതുവരെ 13 കുട്ടികൾ കൊല്ലപ്പെട്ടതായി ഇറാൻ ആരോഗ്യമന്ത്രാലയം അറിയിച്ചു. കൊല്ലപ്പെട്ടവരിൽ രണ്ട് മാസം പ്രായമുള്ള കുട്ടിയും ഉൾപ്പെടുമെന്ന് ആരോഗ്യമന്ത്രാലയം അറിയിച്ചു. 44 സ്ത്രീകൾ കൊല്ലപ്പെട്ടു. ഇതിൽ രണ്ടുപേർ ഗർഭിണികളായിരുന്നു. സംഘർഷം ആരംഭിച്ചതിന് ശേഷം ഇതുവരെ 400ൽ അധികം ആളുകൾ കൊല്ലപ്പെട്ടു. 3045 പേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും ഇറാൻ ആരോഗ്യമന്ത്രാല പബ്ലിക് റിലേഷൻ തലവൻ ഹൊസൈൻ കെർമൻപോർ അറിയിച്ചു. ഇതിൽ ഭൂരിഭാഗവും സാധാരണക്കാരാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അതിനിടെ, ഇറാഖിലെ എണ്ണക്കമ്പനിയിൽനിന്ന് വിദേശ ജീവനക്കാരെ ഒഴിപ്പിക്കുന്നതായും റിപ്പോർട്ടുണ്ട്.


ഇറാഖി എണ്ണപ്പാടങ്ങളിൽ പ്രവർത്തിക്കുന്ന എനി, ബിപി, ടോട്ടൽ എനർജീസ് ഉടമസ്ഥതയിലുള്ള കമ്പനികൾ നിരവധി വിദേശ ഉദ്യോഗസ്ഥരെ ഒഴിപ്പിച്ചതായി ഇറാഖിലെ സർക്കാർ ഉടമസ്ഥതയിലുള്ള ബസ്ര ഓയിൽ കമ്പനി പ്രസ്താവനയിൽ അറിയിച്ചു.

# പൂരം കലക്കൽ: മന്ത്രി അറിയിച്ചിട്ടും ഗുരുതര കൃത്യവിലോപം; അജിത് കുമാറിനെതിരേ ഡിജിപിയുടെ റിപ്പോർട്ട്

തിരുവനന്തപുരം: തൃശ്ശൂർ പൂരം അലങ്കോലപ്പെട്ടതുമായി ബന്ധപ്പെട്ട് എഡിജിപി എം.ആർ. അജിത് കുമാറിന് ഗുരുതര വീഴ്ചയെന്ന് ഡിജിപിയുടെ റിപ്പോർട്ട്. പൂരം അലങ്കോലപ്പെട്ടപ്പോൾ എഡിജിപി ഇടപെട്ടില്ല. മന്ത്രി അറിയിച്ചിട്ടും ഇടപെട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.

പൂരം അലങ്കോലപ്പെട്ടതുമായി ബന്ധപ്പെട്ട് ത്രിതല അന്വേഷണത്തിനാണ് സർക്കാർ ഉത്തരവിട്ടത്. അതിൽ എഡിജിപി എം.ആർ. അജിത് കുമാറിന്റെ വീഴ്ച അന്വേഷിക്കാനാണ് സംസ്ഥാന പോലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹെബിനെ ചുമതലപ്പെടുത്തിയത്. ഈ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. ഇതിലാണ് അജിത് കുമാറിന് ഗുരുതര വീഴ്ച പറ്റിയെന്ന് വ്യക്തമാക്കുന്നത്. ക്രമസമാധാന ചുമതലയുള്ള എഡിജിപി എന്ന നിലയിൽ ഗുരുതരമായ കൃത്യവിലോപം തൃശ്ശൂർ പൂരം നടത്തിപ്പുമായി ബന്ധപ്പെട്ട് അജിത് കുമാറിനുണ്ടായി. പൂരം അലങ്കോലപ്പെടുമെന്ന മുന്നറിയിപ്പ് എഡിജിപി അവഗണിച്ചു. എഡിജിപി തൃശ്ശൂരിൽ ഉണ്ടായിരുന്നത് ഔദ്യോഗിക കൃത്യനിർവഹണത്തിന്റെ ഭാഗമായിട്ടാണ്. പൂരം അലങ്കോലപ്പെടുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിയിട്ടും എഡിജിപിയുടെ ഔദ്യോഗിക ഇടപെടൽ ഉണ്ടായിട്ടില്ല. പൂരത്തിനിടെ പ്രശ്നങ്ങളുണ്ടായപ്പോൾ മന്ത്രി അടക്കം വിളിച്ചിട്ടും ഫോൺ എടുക്കാത്തത് ഗുരുതര കൃത്യവിലോപമാണെന്ന് റിപ്പോർട്ടിൽ പറയുന്നു.

# പട്ടം എസ്‌യുടി ആശുപത്രിയിൽ ലോക യോഗ ദിനം ആചരിച്ചു



തിരുവനന്തപുരം: എസ് യു ടി ആശുപത്രിയിൽ ലോക യോഗ ദിനം ആചരിച്ചു.

എസ് യു ടി ആശുപത്രിയിലെ ജീവനക്കാർക്കും നഴ്സിംഗ് സ്കൂൾ വിദ്യാർത്ഥികൾക്കും വേണ്ടി ഒരു പ്രത്യേക യോഗ ക്ലാസ്സ് നടത്തിയായിരുന്നു യോഗാ ദിനം ആചരിച്ചത്. ആശുപത്രിയുടെ മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ കേണൽ രാജീവ് മണ്ണാളി, എച്ച്ആർ മാനേജർ ദേവികൃഷ്ണ, ഓപ്പറേഷൻസ് മാനേജർ ടിജു സാമുവൽ, മറ്റ് വകുപ്പ് മേധാവികൾ, ജീവനക്കാർ, നഴ്സിംഗ് സ്കൂൾ വിദ്യാർത്ഥികൾ എന്നിവർ ഉൾപ്പെടെ 100റോളം പേർ പരിപാടിയിൽ പങ്കെടുത്തു.

ക്വാളിറ്റി മാനേജർ ബിന്ദു കൃഷ്ണയുടെ നേതൃത്വത്തിലാണ് യോഗ പരിശീലനം നടന്നത്. മെച്ചപ്പെട്ട ശാരീരികവും മാനസികവുമായ ക്ഷേമത്തിനായി യോഗയെ ദൈനംദിന ജീവിതത്തിൽ സംയോജിപ്പിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കാനാണ് പരിശീലനം സംഘടിപ്പിച്ചതെന്ന് കേണൽ രാജീവ് മണ്ണാളി പറഞ്ഞു



# സംസ്ഥാന മാധ്യമ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു



സംസ്ഥാന സർക്കാരിൻറെ 2023 ലെ സംസ്ഥാന മാധ്യമ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. പ്രിന്റ് മീഡിയ ജനറൽ റിപ്പോർട്ടിംഗിൽ മാതൃഭൂമി സീനിയർ സബ് എഡിറ്റർ നിലീന അത്തോളിക്കാണ് അവാർഡ്. 'രക്ഷയില്ലല്ലോ ലക്ഷദ്വീപിന്' എന്ന വാർത്താ പരമ്പരക്കാണ് അവാർഡ്. ദേശാഭിമാനി സീനിയർ റിപ്പോർട്ടർ ജഷീന എം തയ്യാറാക്കിയ 'തോൽക്കുന്ന മരുന്നും ജയിക്കുന്ന രോഗവും' എന്ന വാർത്താ പരമ്പരക്ക് ജൂറിയുടെ പ്രത്യേക പരാമർശം ലഭിച്ചു. വികസനോൻമുഖ റിപ്പോർട്ടിംഗിൽ മലയാള മനോരമ അസിസ്റ്റന്റ് എഡിറ്റർ വർഗീസ് സി തോമസിനാണ് അവാർഡ്. 'അപ്പർ കുട്ടനാട് ഉയരെ ദുരിതം' എന്ന വാർത്താ പരമ്പരയാണ് അവാർഡിന് അർഹമായത്.ഫോട്ടോഗ്രഫി വിഭാഗത്തിൽ മലയാള മനോരമയിലെ ചീഫ് ഫോട്ടോഗ്രാഫർ സജീഷ് ശങ്കറിനാണ് അവാർഡ്. കേരള കൗമുദിയിലെ ചീഫ് ഫോട്ടോഗ്രാഫർ ശ്രീകുമാർ ആലപ്രയ്ക്ക് ജൂറിയുടെ പ്രത്യേക പരാമർശം ലഭിച്ചു.കാർട്ടൂൺ വിഭാഗത്തിൽ സിറാജിലെ കെ ടി അബ്ദുൽ അനീസിനാണ് അവാർഡ്. ടെലിവിഷൻ വിഭാഗത്തിലെ ടിവി ന്യൂസ് റിപ്പോർട്ടിംഗിൽ 24 ന്യൂസിലെ അസിസ്റ്റന്റ് ന്യൂസ് എഡിറ്റർ വി എ ഗിരീഷിനാണ് അവാർഡ്. 'അംഗീകാരമില്ലാത്ത അന്യസംസ്ഥാന നഴ്സിംഗ് കോളേജ് തട്ടിപ്പുകളെ' കുറിച്ചുള്ള വാർത്തക്കാണ് അവാർഡ്. ടിവി സാമൂഹ്യ ശാക്തീകരണ റിപ്പോർട്ടിംഗിൽ മനോരമ ന്യൂസിലെ സീനിയർ കറസ്പോണ്ടന്റ് ബി എൽ അരുണിനാണ് അവാർഡ്. നാടിനാകെ ശ്രേയസ്സായി ശ്രേയ്സ് സ്പോർടസ് അക്കാദമി എന്ന വാർത്തക്കാണ് അവാർഡ്.

ടിവി അഭിമുഖത്തിൽ ഏഷ്യാനെറ്റ് ന്യൂസിലെ ചീഫ് റിപ്പോർട്ടർ അനൂപ് ബി എസിനാണ് അവാർഡ്. സാഹസിക നാവികൻ അഭിലാഷ് ടോമിയുമായുള്ള അഭിമുഖം 'സംവാദ്' ആണ് അവാർഡ് നേടിക്കൊടുത്തത്. 24 ന്യൂസിലെ ഉൻമേഷ് ശിവരാമനാണ് ടിവി ന്യൂസ് പ്രസന്റർ അവാർഡ്. ടിവി ന്യൂസ് ക്യാമറയ്ക്ക് മാതൃഭൂമി ന്യൂസ് സീനിയർ ക്യാമറാമാൻ എസ് ശരത്തിനാണ് അവാർഡ്. 24 ന്യൂസ് സീനിയർ ക്യാമറാമാൻ അഭിലാഷ് വി. ജൂറി പ്രത്യേക പരാമർശം നേടി. ടിവി ന്യൂസ് എഡിറ്റിംഗിൽ ഏഷ്യാനെറ്റ് ന്യൂസ് സീനിയർ വീഡിയോ എഡിറ്റർ ആർ സതീഷ് ചന്ദ്രനും അവാർഡിന് അർഹനായി.

25,000 രൂപയും ശിൽപ്പവും പ്രശസ്തിപത്രവുമടങ്ങുന്നതാണു സംസ്ഥാന മാധ്യമ പുരസ്കാരങ്ങൾ. ജൂറിയുടെ പ്രത്യേക പരാമർശത്തിന് അർഹരായവർക്കു 15,000 രൂപയും ശിൽപ്പവും പ്രശസ്തിപത്രവും സമ്മാനിക്കും. ജൂൺ 26ന് വൈകിട്ട് 5.30ന് തിരുവനന്തപുരം മാസ്ക്കറ്റ് ഹോട്ടലിൽ നടക്കുന്ന ചടങ്ങിൽ അവാർഡുകൾ മുഖ്യമന്ത്രി പിണറായി വിജയൻ വിതരണം ചെയ്യുമെന്ന് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ ടി. വി. സുഭാഷ് അറിയിച്ചു.

## അൻവറിനെ വേണ്ടെന്ന് കോൺഗ്രസ് പറയില്ല; ജനപിന്തുണയുള്ള നേതാവെന്ന് കെ. സുധാകരൻ

കണ്ണൂർ: പി. വി. അൻവറിനെപ്പോലെ ഒരു രാഷ്ട്രീയക്കാരനെ വേണ്ട എന്ന് കോൺഗ്രസ് പറയില്ലെന്ന് കെ. സുധാകരൻ. ജനപിന്തുണയുള്ള നേതാവാണ് അൻവറെന്നും സുധാകരൻ പ്രതികരിച്ചു. അൻവർ നയപരമായ രാഷ്ട്രീയ സമീപനം സ്വീകരിച്ച് സിപിഎമ്മിൽ നിന്ന് വന്ന ആളാണ്. കോൺഗ്രസിലേക്ക് അദ്ദേഹം വരണമെന്നായിരുന്നു താൻ ആഗ്രഹിച്ചത്. ചില സാങ്കേതികമായ പ്രശ്നങ്ങളാൽ അതു നടക്കാതെ പോയി. കോൺഗ്രസിലേക്ക് വരാൻ അദ്ദേഹം തയാറാണെങ്കിൽ പാർട്ടി അതു പരിശോധിക്കുകയും ചർച്ച ചെയ്ത് ഉചിതമായ തീരുമാനമെടുക്കുകയും ചെയ്യും. പാർട്ടിക്ക് ഇക്കാര്യത്തിൽ മറ്റൊരു അഭിപ്രായം ഉണ്ടെന്ന് കരുതുന്നില്ല. സർക്കാരിനെതിരായ വിധിയെഴുത്താണ് നിലമ്പൂരിലുണ്ടായത്. എൽഡിഎഫ് സർക്കാരിനെതിരായ ജനവികാരമാണിത്. ഇനി വരാൻ പോകുന്ന തെരഞ്ഞെടുപ്പുകളിലും എൽഡിഎഫ് വിജയിക്കില്ലെന്നും സുധാകരൻ കൂട്ടിച്ചേർത്തു.

## 'നന്ദി ഉണ്ട് മാഷേ'; എം. വി. ഗോവിന്ദനെതിരെ പരിഹാസപോസ്റ്റുമായി റെഡ് ആർമി

കണ്ണൂർ: നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നതിന് പിന്നാലെ സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദനെതിരെ പരോക്ഷ വിമർശനവുമായി റെഡ് ആർമി. നന്ദി ഉണ്ട് മാഷേ' എന്നാണ് ഗോവിന്ദന്റെ പേരെടുത്ത് പറയാതെയുള്ള റെഡ് ആർമിയുടെ ഫേസ്ബുക്ക് പോസ്റ്റ്. നിലന്പൂർ ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിന് ശേഷമുള്ള ഗോവിന്ദന്റെ ആർഎസ്എസ് പരാമർശം വിവാദമായിരുന്നു.

അടിയന്തരാവസ്ഥ കഴിഞ്ഞ ഘട്ടം വന്നപ്പോൾ ആർഎസ്എസുമായി ചേർന്ന് സഹകരിച്ചിരുന്നു എന്നായിരുന്നു പരാമർശം. ഇത് വിവാദമായ പശ്ചാത്തലത്തിൽ പറഞ്ഞതിൽ വ്യക്തത വരുത്തി ഗോവിന്ദൻ തന്നെ രംഗത്തെത്തിയിരുന്നു. തന്റെ പരാമർശം വളച്ചൊടിച്ചതാണെന്നും സൂചിപ്പിച്ചത് അടിയന്തരാവസ്ഥ കാലത്ത് ഇന്ത്യ ഒറ്റക്കെട്ടായി നീങ്ങിയ സാഹചര്യത്തിൽ ജനത പാർട്ടിയുമായി ചേർന്നതായിരുന്നു എന്നും ഗോവിന്ദൻ വ്യക്തമാക്കിയിരുന്നു.

## തടിലോറി നിയന്ത്രണം വിട്ട് മറിഞ്ഞ് രണ്ടുപേർക്ക് പരിക്ക്

ചാലക്കുടി: ദേശീയപാതയിൽ എളവൂർ കവലയ്ക്ക് സമീപം നിയന്ത്രണം വിട്ട തടിലോറി റോഡരികിലെ മീഡിയനിൽ ഇടിച്ച് വൈദ്യുത പോസ്റ്റും തകർത്ത് തലകീഴായി മറഞ്ഞു. അപകടത്തിൽ രണ്ട് പേർക്ക് പരിക്കേറ്റു. ഇവരെ ആശുപത്രിയിലേക്ക് മാറ്റി.

ഇന്ന് രാവിലെ ആയിരുന്നു അപകടം. തൃശൂർ ഭാഗത്തുനിന്നും പെരുമ്പാവൂരിലേക്ക് പോയ മിനി ലോറിയാണ് അപകടത്തിൽപ്പെട്ടത്. ഓട്ടത്തിനിടയിൽ നിയന്ത്രണം നഷ്ടമായ വാഹനം റോഡിൽ തലകീഴായി മറിയുകയായിരുന്നു. പോലീസ് സ്ഥലത്തെത്തി മേൽ നടപടികൾ സ്വീകരിച്ചു.

## പിണറായിസം കുഴിച്ചുമൂടാൻ കോൺഗ്രസ് ഒരുമിച്ച് നിന്നാൽ മതി: കെ. മുരളീധരൻ

തിരുവനന്തപുരം: പാർട്ടിയും മുന്നണിയും ഒരുപോലെ പ്രവർത്തിച്ചാൽ തിളക്കമാർന്ന വിജയമുണ്ടാകും എന്നതിന്റെ തെളിവാണ് നിലമ്പൂരിലെ തെരഞ്ഞെടുപ്പ് ഫലമെന്ന് കോൺഗ്രസ് നേതാവ് കെ. മുരളീധരൻ. പിണറായിസം കുഴിച്ചു മൂടാൻ കോൺഗ്രസ് ഒരുമിച്ചു നിന്നാൽ മതിയെന്നും മുരളീധരൻ പ്രതികരിച്ചു.

ഇതുവരെയുള്ള ഉപതെരഞ്ഞെടുപ്പുകളിൽ യുഡിഎഫ് സീറ്റുകൾ നിലനിർത്തിയെങ്കിൽ ഇത്തവണ സീറ്റ് പിടിച്ചെടുത്തു. ആര്യാടൻ മുഹമ്മദ് തന്നെ ഇത്രയും ഭൂരിപക്ഷത്തിൽ വിജയിച്ചിട്ടില്ല. സ്വരാജിന്റെ സ്വന്തം നാടായ പോത്തുകല്ലിൽ തന്നെ വലിയ വിജയം നേടിയെന്നും മുരളീധരൻ കൂട്ടിച്ചേർത്തു.

## തകർന്നടിഞ്ഞ് ബിജെപി; കെട്ടിവച്ച കാശും നഷ്ടമാകും

മലപ്പുറം: നിലമ്പൂരിൽ വോട്ടെണ്ണൽ അവസാനിക്കുമ്പോൾ തകർന്നടിഞ്ഞ് ബിജെപി. 8648 വോട്ടുകൾ മാത്രമാണ് എൻഡിഎ സ്ഥാനാർഥി മോഹൻ ജോർജിന് ആകെ ലഭിച്ചത്. വോട്ടെണ്ണലിന്റെ ആദ്യഘട്ടം മുതൽ മോഹൻ ജോർജ് നാലാം സ്ഥാനത്താണ്. പോൾ ചെയ്ത വോട്ടിന്റെ 4.95 ശതമാനം വോട്ട് മാത്രമാണ് എൻഡിഎയ്ക്ക് നേടാനായത്. ആറിലൊന്ന് വോട്ടുകൾ നേടാൻ കഴിയാത്ത സാഹചര്യത്തിൽ കെട്ടി വച്ച കാശ് പോലും ബിജെപിക്ക് നഷ്ടമാകും. അതേസമയം 2021 ലെ തെരഞ്ഞെടുപ്പിൽ എൻഡിഎ സ്ഥാനാർഥിയായിരുന്ന ടി. കെ. അശോക് കുമാർ 8500 വോട്ടുകൾ മാത്രമാണ് നേടിയത്. അന്ന് 4.96 ശതമാനം വോട്ടുകളാണ് ബിജെപിക്ക് ലഭിച്ചത്.

## നിലമ്പൂരിലേത് പിണറായി സർക്കാരിനെതിരെയുള്ള ജനരോക്ഷം: ആര്യാടൻ ഷൗക്കത്ത്

മലപ്പുറം: തുടർച്ചയായി രണ്ട് തവണ നഷ്ടപ്പെട്ട സീറ്റാണ് 10000ൽ അധികം ഭൂരിപക്ഷത്തിന് യുഡിഎഫ് തിരിച്ചുപിടിച്ചതെന്ന് നിലന്പൂരിലെ സ്ഥാനാർഥി ആര്യാടൻ ഷൗക്കത്ത്. നിലമ്പൂരിൽ കഴിഞ്ഞ ഒമ്പത് വർഷമായി അവഗണന നേരിടുന്ന ജനത്തിന്റെ വിജയമാണിതെന്ന് അദ്ദേഹം പ്രതികരിച്ചു. പിണറായി വിജയൻ സർക്കാരിനെതിരെയുള്ള ജനരോക്ഷമാണ് വോട്ടെടുപ്പിൽ പ്രതിഫലിച്ചത്. നിലമ്പൂരിലെ ജനങ്ങൾ നേരിട്ട അവഗണനയ്ക്കെതിരെയുള്ള പ്രതിഷേധം കൂടിയാണിത്. അൻവറിന് ലഭിച്ച വോട്ടുകളെക്കുറിച്ചുള്ള മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങളോട് ഷൗക്കത്ത് പ്രതികരിച്ചില്ല. തങ്ങൾ പ്രതീക്ഷിച്ചതിനപ്പുമുള്ളതൊന്നും നിലമ്പൂരിൽ സംഭവിച്ചിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## കുടുംബശ്രീ ലിയോറ ഫെസ്റ്റ് സമ്മർ ക്യാമ്പ്: മെന്റർമാർക്കുള്ള ശിൽപശാല സംഘടിപ്പിച്ചു

തിരഞ്ഞെടുത്ത ബാലസഭാംഗങ്ങൾക്ക് ഒരു വർഷം ദൈർഘ്യമുള്ള പരിശീലനം നൽകുന്നതിനായുള്ള മൊഡ്യൂൾ തയ്യാറായി

തിരുവനന്തപുരം: കുടുംബശ്രീ ലിയോറ ഫെസ്റ്റ് സമ്മർ ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ട നൂറ്റിഅമ്പത് ബാലസഭാംഗങ്ങൾക്ക് പരിശീലനം നൽകുന്നതുമായി ബന്ധപ്പെട്ട് മെന്റർമാർക്കുള്ള സംസ്ഥാനതല ശിൽപശാല തിരുവനന്തപുരം സമേതിയിൽ സംഘടിപ്പിച്ചു. ഓരോ ജില്ലകളിലും നിന്നും അട്ടപ്പാടിയിൽ നിന്നുമായി തിരഞ്ഞെടുത്ത പതിനാറ് മെന്റർമാരാണ് ശിൽപശാലയിൽ പങ്കെടുത്തത്. ഇവർ മുഖേന ബാലസഭാംഗങ്ങൾക്ക് ഒരു വർഷം ദൈർഘ്യമുള്ള പരിശീലനം നൽകുന്നതിനാവശ്യമായ പഠന മൊഡ്യൂൾ ശിൽപശാലയിൽ തയ്യാറാക്കി. വിദ്യാഭ്യാസ വിദഗ്ധർ, ഗവേഷകർ, റിട്ട. അധ്യാപകർ, വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ചവർ എന്നിവരെ ഉൾപ്പെടുത്തി കുടുംബശ്രീ രൂപീകരിച്ച സംസ്ഥാനതല അക്കാദമിക് ഗ്രൂപ്പിലെ അംഗങ്ങളാണ് മെന്റർമാർ.

ഓരോ ജില്ലയിൽ നിന്നും പത്തു കുട്ടികളെ വീതമാണ് ക്യാമ്പിലേക്ക് തിരഞ്ഞെടുത്തിട്ടുള്ളത്. അവധി ദിവസങ്ങളിൽ മെന്റർമാർ മുഖേന ഇവർക്ക് പരിശീലനം നൽകും. പരിശീലന കാലയളവിൽ ശാസ്ത്രം, സാങ്കേതികം ഉൾപ്പെടെ വിവിധ മേഖലകളിൽ നടപ്പാക്കാൻ കഴിയുന്ന വികസന ആശയങ്ങൾ കുട്ടികൾ മുഖേന രൂപീകരിക്കും. തുടർന്ന് ഇവ പൊതുസമൂഹത്തിന് മുന്നിലും 2026 ജനുവരിയിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഇന്നവേഷൻ കോൺക്ളേവിലും അവതരിപ്പിക്കാനുള്ള അവസരം ലഭ്യമാക്കും. ഈ മധ്യവേനൽ അവധിക്കാലത്ത് കുടുംബശ്രീ സംഘടിപ്പിച്ച സമ്മർ ക്യാമ്പുകളിൽ പങ്കെടുത്തവരിൽ മികച്ച നിലവാരം പുലർത്തിയവർക്ക് ഉദ്ധ്യം ലേണിങ്ങ് ഫൗണ്ടേഷന്റെ സഹകരണത്തോടെ മൺസൂൺ ഫെല്ലോഷിപ്പും നൽകും.

കുടുംബശ്രീ ബാലസഭാംഗങ്ങളിൽ ശാസ്ത്രാവബോധവും വ്യക്തിത്വ വികസന ശേഷികളും വികസിപ്പിക്കുകയാണ് ലിയോറ ഫെസ്റ്റ് സമ്മർക്യാമ്പിന്റെ പ്രധാന ലക്ഷ്യം. ഇതോടൊപ്പം അക്കാദമിക് മികവ് കൈവരിക്കുന്നതിനും ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങളാകും ഈ വർഷം നടപ്പാക്കുക. പഠനക്യാമ്പുകൾ, ചർച്ചകൾ, സെമിനാറുകൾ, കലാപരിപാടികൾ, അന്വേഷണാത്മക പ്രോജക്ടുകൾ, സാംസ്കാരിക സംഗമങ്ങൾ തുടങ്ങിയവ ഇതിന്റെ ഭാഗമായി നടപ്പാക്കും.

കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ഡോ.ബി ശ്രീജിത്ത്, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ അരുൺ പി.രാജൻ, അസിസ്റ്റന്റ് പ്രോഗ്രാം മാനേജർമാരായ സ്വാതി കൃഷ്ണൻ, ജിഷ്ണു ഗോപൻ എന്നിവർ ശിൽപശാലയ്ക്ക് നേതൃത്വം നൽകി.

## ഐ. ടി. ഐ പ്രവേശനം

ചാക്ക ഗവ. ഐ.ടി.ഐ ഉൾപ്പെടെ കേരളത്തിലെ വിവിധ ഐ.ടി.ഐ കളിലെ പ്രവേശനത്തിന് https://itiadmissions.kerala.gov.in പോർട്ടലിലൂടെ ഓൺലൈനായി അപേക്ഷിക്കാനുള്ള തീയതി ജൂൺ 30 വരെ നീട്ടി. അപേക്ഷ ഫീസ് 100 രൂപ എസ്.എസ്.എൽ.സി പരീക്ഷയിൽ കണക്ക്, ഇംഗ്ലീഷ്, ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങളിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ സർക്കാർ സംവരണ ചട്ടങ്ങൾ പാലിച്ചാണ് പ്രവേശനം. സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണം. ഫോൺ: 0471 2502612.

## ട്രയൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

വർക്കിംഗ് പ്രൊഫഷണലുകൾക്ക് വേണ്ടിയുള്ള ഡിപ്ലോമ പ്രവേശനത്തിനുള്ള പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് ഠഠഠ.ുീഹ്യമറാശശൈീി.ീൃഴ/ ു ൽ അപ്ലിക്കേഷൻ നമ്പർ, രജിസ്ട്രേഷൻ നമ്പർ, മൊബൈൽ നമ്പർ ഇവയിൽ ഏതെങ്കിലും ഒന്നും ജനന തീയതിയും നൽകി 'Trial Rank Details' എന്ന ലിങ്ക് വഴി അവരവരുടെ ട്രയൽ റാങ്ക് പരിശോധിക്കാം. അപേക്ഷകർക്ക് ഓൺലൈനായി ഓപ്ഷനുകളിൽ മാറ്റം വരുത്തുന്നതിനും, അപേക്ഷകളിൽ എന്തെങ്കിലും തിരുത്തലുകൾ നടത്തുന്നതിനും 26ന് വൈകിട്ട് 5 വരെ സമയമുണ്ട്. ഓൺലൈൻ തിരുത്തലുകൾക്ക് ബുദ്ധിമുട്ട് നേരിടുന്നവരും മറ്റ് സംശയ നിവാരണങ്ങൾക്കും അതാത് സ്ഥാപനത്തിലെ ഹെൽപ്പ് ഡെസ്ക്കുമായി ബന്ധപ്പെടണം.

## കേരള ഫിലിം പോളിസി കോൺക്ലേവ് ആഗസ്റ്റ് 2, 3 തീയതികളിൽ തിരുവനന്തപുരത്ത്

സംസ്ഥാന സർക്കാരിന്റെ സിനിമാനയ രൂപീകരണത്തിന്റെ ഭാഗമായി 2025 ആഗസ്റ്റ് 2, 3 തീയതികളിൽ കേരള ഫിലിം പോളിസി കോൺക്ലേവ് സംഘടിപ്പിക്കുന്നു. കേരള നിയമസഭാ സമുച്ചയത്തിലെ ശങ്കര നാരായണൻ തമ്പി ഹാളിൽ നടത്തുന്ന കോൺക്ലേവ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാന്റെ അദ്ധ്യക്ഷതയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

സിനിമയുടെ വിവിധ വശങ്ങൾ സമഗ്രമായി ചർച്ച ചെയ്യുന്ന കോൺക്ലേവിൽ സിനിമാനയം രൂപീകരിച്ച 17 സംസ്ഥാനങ്ങളിലെ പ്രതിനിധികൾ, നാഷണൽ ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, ഇൻഫർമേഷൻ ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയം, കേന്ദ്ര സാംസ്കാരിക-ടൂറിസം മന്ത്രാലയം എന്നിവിടങ്ങളിലെ പ്രതിനിധികൾ, ഇന്ത്യൻ സിനിമാ മേഖലയിൽ നിന്നുള്ളവർ, സിനിമാ മേഖലയിൽ നിന്നുള്ള അന്താരാഷ്ട്ര പ്രതിനിധികൾ, വിവിധ സിനിമാ സംഘടനകൾ, തൊഴിൽ-നിയമ രംഗങ്ങളിലെ വിദഗ്ദ്ധർ തുടങ്ങിയവർ പങ്കെടുക്കും.

സിനിമാ മേഖലയുമായി ബന്ധപ്പെട്ട പന്ത്രണ്ടോളം വിഷയങ്ങളിൽ സമഗ്രമായ ചർച്ചകൾ നടത്തും. കോൺക്ലേവിനെ തുടർന്ന് സിനിമാനയത്തിന്റെ കരടുരൂപം ഒരു മാസത്തിനുള്ളിൽ പ്രസിദ്ധീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## ഡെപ്യൂട്ടേഷൻ നിയമനം: അപേക്ഷ ക്ഷണിച്ചു

വയനാട് ടൗൺഷിപ്പ് നിർവഹണ യൂണിറ്റിൽ ക്ലാർക്കിന്റെ 3 ഒഴിവിലേക്ക് ഡെപ്യൂട്ടേഷൻ നിയമനത്തിന് സർക്കാർ വകുപ്പുകളിലെ തത്തുല്യ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ള ജീവനക്കാർ ബയോഡാറ്റ, 144 കെ.എസ്.ആർ പാർട്ട് 1, സമ്മതപത്രം, മേലധികാരി സാക്ഷ്യപ്പെടുത്തി നൽകിയ നിരാക്ഷേപ പത്രം എന്നിവ സഹിതം പൂർണമായ അപേക്ഷ ജൂൺ 30നകം ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, വയനാട് ടൗൺഷിപ്പ് പ്രോജക്ട് ആൻഡ് ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, അയ്യൻകാളി ഭവൻ, നാലാം നില, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ ലഭ്യമാക്കണം.

## വാക് – ഇൻ – ഇന്റർവ്യൂ

സി-ഡിറ്റിന്റെ ഒപ്റ്റിക്കൽ ഇമേജ് പ്രോസസ്സിംഗ് ആൻഡ് സെക്യൂരിറ്റി ഡിവിഷനിലെ ലേബൽ പ്രിന്റിംഗ് പ്രോജക്ടുകളിലേക്ക് താത്കാലികമായി ദിവസ വേതന അടിസ്ഥാനത്തിൽ ഇൻസ്പെക്ഷൻ/പാക്കിംഗ് അസിസ്റ്റന്റ് സ്റ്റാഫുകളുടെ ഒഴിവുണ്ട്. പ്രായപരിധി ജൂൺ 24 ന് 50 വയസിൽ കൂടാൻ പാടില്ല. എസ് എസ് എൽ സി അല്ലെങ്കിൽ ഐ.ടി.ഐ. ട്രേഡ് സർട്ടിഫിക്കറ്റ് / തത്തുല്യ യോഗ്യതയും പ്രിന്റിങ് സ്ഥാപനത്തിൽ ജോലി പരിചയവുമുള്ളവർക്ക് 25ന് രാവിലെ 11 മുതൽ സി-ഡിറ്റ് തിരുവല്ലം മെയിൻ ക്യാമ്പസിൽ നടക്കുന്ന വാക്-ഇൻ-ഇന്റർവ്യൂവിൽ പങ്കെടുക്കാം. ഉദ്യോഗാർത്ഥികൾ യോഗ്യത, പ്രവർത്തിപരിചയം, പ്രായം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും അഭിമുഖത്തിന് ഹാജരാക്കണം.കൂടുതൽവിവരങ്ങൾക്ക്: 8921412961, ഠഠഠ.രറശ.ീൃഴ, www.careers.cdit.org .

## കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്: പരീക്ഷ ജൂലൈ 20 ന്

ദേവസ്വത്തിലെ സാനിറ്റേഷൻ വർക്കർ (കാറ്റഗറി നമ്പർ : 03/2025), ഗാർഡനർ (കാറ്റഗറി നമ്പർ : 04/2025), കൗ ബോയ് (കാറ്റഗറി നമ്പർ : 05/2025), ലിഫ്റ്റ് ബോയ് (കാറ്റഗറി നമ്പർ : 06/2025), റൂം ബോയ് (കാറ്റഗറി നമ്പർ : 07/2025), ലാമ്പ് ക്ലീനർ (കാറ്റഗറി നമ്പർ : 14/2025), കൃഷ്ണനാട്ടം സ്റ്റേജ് അസ്സിസ്റ്റന്റ് (കാറ്റഗറി നമ്പർ : 17/2025), കൃഷ്ണനാട്ടം ഗ്രീൻ റൂം സെർവന്റ് (കാറ്റഗറി നമ്പർ : 18/2025), ആയ(GDEMS) (കാറ്റഗറി നമ്പർ : 30/2025), ഓഫീസ് അറ്റൻഡന്റ് (GDEMS) (കാറ്റഗറി നമ്പർ : 31/2025), സ്വീപ്പർ (GDEMS) (കാറ്റഗറി നമ്പർ: 32/2025) തസ്തികകളിലേക്കുള്ള പൊതു ഒ.എം.ആർ പരീക്ഷ ജൂലൈ 20 ന് ഉച്ചയ്ക്ക് 01.30 മുതൽ 03.15 വരെ തിരുവനന്തപുരം, തൃശൂർ ജില്ലകളിലെ വിവിധ പരീക്ഷാകേന്ദ്രത്തിൽ നടത്തുന്നു. പരീക്ഷയുടെ ഹാൾടിക്കറ്റ് ജൂലൈ 5 ന് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാകും. പ്രൈഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്ത ഹാൾടിക്കറ്റുമായി പരീക്ഷക്ക് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: www.kdrb.kerala.gov.in.

## പി. ജി. ദന്തൽ: അപേക്ഷ ക്ഷണിച്ചു

കേരളത്തിലെ വിവിധ സർക്കാർ ദന്തൽ കോളേജുകളിലെയും സ്വാശ്രയ ദന്തൽ കോളേജുകളിലെയും എം.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി ചഋഋഠ ങഉട2025 പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ള വിദ്യാർഥികളിൽ നിന്നും ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. സർവ്വീസ് വിഭാഗം ഉൾപ്പെടെയുള്ള വിദ്യാർഥികൾക്ക് 25 രാത്രി 11.59 വരെ www.cee.kerala.gov.in വഴി അപേക്ഷകൾ സമർപ്പിക്കാം. പ്രവേശനം സംബന്ധിച്ചുള്ള വിശദമായ വിജ്ഞാപനം, പ്രോസ്പെക്ടസ് എന്നിവയ്ക്കായി വെബ്സൈറ്റ് സന്ദർശിക്കുക. ഹെൽപ് ലൈൻ നമ്പർ : 0471 2332120, 2338487.

## ഇന്റർവ്യൂ നടത്തും

കേരള വന ഗവേഷണ സ്ഥാപനത്തിൽ 2027 ഡിസംബർ 19 വരെ കാലാവധിയുള്ള ഒരു സമയ ബന്ധിത ഗവേഷണ പദ്ധതിയിൽ പ്രോജക്ട് അസിസ്റ്റന്റ് താത്ക്കാലിക ഒഴിവിലേക്ക് (ഒരു ഒഴിവ്) നിയമിക്കുന്നതിനായി ജൂലൈ 3ന് രാവിലെ 10ന് കേരള വനഗവേഷണ സ്ഥാപനത്തിന്റെ തൃശ്ശൂർ പീച്ചിയിലുള്ള ഓഫീസിൽ ഇന്റർവ്യൂ നടത്തും. വിശദ വിവരങ്ങൾക്ക്: www.kfri.res.in .

# കാർഷിക മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കായി കേര പദ്ധതി കെഎസ്‌യുഎം-കേര ധാരണാപത്രം ഒപ്പിട്ടു

## 40,000 കർഷകർക്ക് പ്രയോജനം

തിരുവനന്തപുരം: കേരളത്തിലെ കാർഷിക സമൂഹത്തെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിലേക്ക് കൊണ്ടുവരുന്നത് ലക്ഷ്യമിട്ട് കേരള സ്റ്റാർട്ടപ്പ് മിഷൻ, കൃഷി വകുപ്പിന് കീഴിലുള്ള 'കേര' പദ്ധതിയുമായി ധാരണാപത്രം ഒപ്പിട്ടു.

സംസ്ഥാനത്തെ കാർഷിക മേഖലയുടെ വളർച്ച ലക്ഷ്യമാക്കി കാലാവസ്ഥാ അനുരൂപക കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ബൃഹത് പദ്ധതിയാണ് 'കേര' (കേരള ക്ലൈമറ്റ് റെസിലിയൻറ് അഗ്രി വാല്യു ചെയിൻ മോഡേണൈസേഷൻ).

കരാറിൻറെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള 150 കാർഷികാധിഷ്ഠിത സ്റ്റാർട്ടപ്പുകളെ ഇക്കോസിസ്റ്റത്തിലേക്ക് കൊണ്ടുവരാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതുവഴി 40,000 കർഷകർക്ക് സ്റ്റാർട്ടപ്പുകളുടെ സേവനം ലഭ്യമാകും.

ഭക്ഷ്യ-കാർഷിക മേഖലയുടെ വാണിജ്യവൽക്കരണം പ്രോത്സാഹിപ്പിക്കുകഎന്നതാണ് കേര പദ്ധതിയുടെ പ്രധാന ലക്ഷ്യം. പ്രാദേശിക കർഷകരേയും കാർഷിക-ഭക്ഷ്യ സംരംഭങ്ങളേയും ലക്ഷ്യമിട്ടുള്ള പദ്ധതിയുടെ കാലാവധി അഞ്ച് വർഷമാണ്.

ഇതുസംബന്ധിച്ച ധാരണാപത്രത്തിൽ കെഎസ്‌യുഎം സിഇഒ അനൂപ് അംബികയും കേര അഡീഷണൽ പ്രോജക്ട് ഡയറക്ടർ പി വിഷ്ണുരാജ് എന്നിവർ ഒപ്പുവച്ചു.

തിരഞ്ഞെടുക്കപ്പെടുന്ന സ്റ്റാർട്ടപ്പുകൾക്ക് 25 ലക്ഷം രൂപ വീതം ഗ്രാൻറ് ലഭിക്കും. 'പെർഫോമൻസ് ബെയിസ്ഡ് കണ്ടീഷൻ' (പിബിസി ) ചട്ടക്കൂട് പാലിച്ചാണ് സ്റ്റാർട്ടപ്പുകൾക്ക് ഗ്രാൻറ് അനുവദിക്കുക.

സ്റ്റാർട്ടപ്പുകളുടെ പ്രവർത്തനമികവ് അടിസ്ഥാനമാക്കുന്നതിനൊപ്പം പിബിസി മാനദണ്ഡങ്ങൾ പാലിച്ച് ഗ്രാൻറ് ലഭ്യമാക്കുന്നതിലൂടെ മികച്ച ആശയങ്ങളും ഉത്പന്നങ്ങളും പ്രോത്സാഹിപ്പിക്കപ്പെടുമെന്ന് കെഎസ്‌യുഎം സിഇഒ അനൂപ് അംബിക പറഞ്ഞു. നിശ്ചിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പദ്ധതിത്തുക എങ്ങനെ വിനിയോഗിക്കണമെന്നതിൽ തീരുമാനമെടുക്കാൻ പദ്ധതി നടപ്പിലാക്കുന്ന ഏജൻസിയ്ക്ക് ഇതിലൂടെ സാധ്യമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രാരംഭഘട്ടത്തിൽ ഉത്പന്ന വികസനത്തിനായി മാത്രം 20 ലക്ഷം രൂപയുടെ ഗ്രാൻറ് ലഭ്യമാക്കും. ആശയ-ഗവേഷണ വികസനം, ഉത്പന്നങ്ങളുടെ നിർമ്മാണം, പരിശോധന, സാങ്കേതിക വാണിജ്യവൽക്കരണം, നിലവിലുള്ള സൗകര്യങ്ങളുടെ വികസനം, ബിസിനസ് മൂലധനം, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്കായാണ് 20 ലക്ഷം രൂപ ആദ്യഘട്ടത്തിൽ നല്കുന്നത്. സ്റ്റാർട്ടപ്പുകളുടെ സാങ്കേതികവിദ്യാധിഷ്ഠിത ഉത്പന്നങ്ങൾ കർഷകരിലേക്ക് എത്തിക്കഴിഞ്ഞാൽ ഉത്പന്നങ്ങളുടെ പ്രദർശനം, വിപണനം തുടങ്ങിയവ മുന്നിൽക്കണ്ട് ഗ്രാൻറ് തുകയിൽ ബാക്കിയുള്ള 5 ലക്ഷം നല്കും.

കെഎസ്‌യുഎമ്മിൻറെ നേതൃത്വത്തിലുള്ള പ്രത്യേക ടീം പദ്ധതിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കും. സ്റ്റാർട്ടപ്പുകളുടെ തിരഞ്ഞെടുപ്പ്, മാർഗനിർദ്ദേശം നൽകൽ, ഗ്രാൻറ് വിനിയോഗം നിരീക്ഷിക്കൽ, കർഷകർക്ക് സ്റ്റാർട്ടപ്പുകളുടെ ഉത്പന്നങ്ങളോ സേവനങ്ങളോ ലഭ്യമാക്കുന്നത് ഉറപ്പാക്കൽ തുടങ്ങിയവയ്ക്ക് മേൽനോട്ടം വഹിക്കും.

കാലാവസ്ഥ, ഭൂമിശാസ്ത്രം, സാമൂഹിക-സാമ്പത്തിക വെല്ലുവിളികൾ എന്നിവ സംസ്ഥാനത്തെ കാർഷിക, ഭക്ഷ്യ മേഖലകളിൽ നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. ഇത്തരം വെല്ലുവിളികളെ നേരിടുന്നതിന് പ്രാദേശിക കർഷകരുടെയും കാർഷിക-ഭക്ഷ്യ സംരംഭങ്ങളുടെയും ആവശ്യങ്ങൾക്കനുസൃതമായി പ്രത്യേകം രൂപകല്പന ചെയ്ത നൂതനപരിഹാരങ്ങൾ ആവശ്യമാണെന്നും അഗ്രി-സ്റ്റാർട്ടപ്പുകളുടെ നൂതന സാങ്കേതികവിദ്യകൾ കർഷകർക്ക് മുതൽക്കൂട്ടാകുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും കേര അഡീഷണൽ പ്രോജക്ട് ഡയറക്ടർ പി. വിഷ്ണുരാജ് പറഞ്ഞു.

ധാരണാപത്ര കൈമാറ്റ ചടങ്ങിൽ കെഎസ്‌യുഎം പ്രതിനിധികളായ അശോക് കുര്യൻ പഞ്ഞിക്കാരൻ, വിശാൽ ബി കതം, വരുൺ. ജി, കേര പദ്ധതി പ്രതിനിധികളായ സന്തോഷ്. ആർ, നിഷ. എസ് എന്നിവരും പങ്കെടുത്തു.

കേര പദ്ധതിയുടെ ലക്ഷ്യങ്ങൾ, സ്റ്റാർട്ടപ്പുകളിലേക്ക് എത്തിക്കുന്നതിനായി അവബോധ പരിപാടികൾ, സ്റ്റാർട്ടപ്പുകൾക്കുള്ള മാർഗനിർദേശം, ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ലാബുകൾ, സ്റ്റാർട്ടപ്പ് ആശയങ്ങളെ ഉത്പന്നങ്ങളാക്കി മാറ്റുന്നതിന് സഹായകമായ ശില്പശാലകൾ, പിച്ചിംഗ് ഇവൻറുകൾ, കാർഷിക സംരംഭകരുമായി സംവദിക്കാനുള്ള അവസരം തുടങ്ങിയവ കെഎസ്‌യുഎം സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാക്കും.

താല്പര്യമുള്ള അഗ്രിടെക് സ്റ്റാർട്ടപ്പുകൾക്ക് കെഎസ്‌യുഎമ്മിൻറെ ഓൺലൈൻ പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കാനാകും.



കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബികയും കേര അഡീഷണൽ പ്രോജക്ട് ഡയറക്ടർ പി വിഷ്ണുരാജും കൃഷി വകുപ്പിന് കീഴിലുള്ള 'കേര' പദ്ധതിയ്ക്കായി ധാരണാപത്രം ഒപ്പിടുന്നു. കെഎസ്‌യുഎം പ്രതിനിധികളായ അശോക് കുര്യൻ പഞ്ഞിക്കാരൻ, വിശാൽ ബി കതം, വരുൺ. ജി, കേര പദ്ധതി പ്രതിനിധികളായ സന്തോഷ്. ആർ, നിഷ. എസ് എന്നിവർ സമീപം.

# ഫിഫ ക്ലബ് ലോകകപ്പ്: വൈഡാഡിനെ തകർത്ത് യുവൻറസ്

വാഷിംഗ്ടൺ: ഫിഫ ക്ലബ് ലോകകപ്പിൽ വൈഡാഡ് എസിയെ തകർത്ത് യുവൻറസ്. ഒന്നിനെതിരെ നാല് ഗോളുകൾക്കാണ് യുവൻറസ് വിജയിച്ചത്. യുവൻറസിന് വേണ്ടി കെനാൻ യിൽഡിസ് രണ്ട് ഗോളുകളും ദുഷാൻ വ്ലഹോവിച്ച് ഒരു ഗോളും നേടി. വൈഡാഡ് താരം അബ്ദൽ മൗനെമിന്റെ സെൽഫ് ഗോളും യുവൻറസിന്റെ ഗോൾ പട്ടികയിലുണ്ട്. തെംബിൻകോശി ലോർച്ച് ആണ് വൈഡാഡിനായി ഗോൾ കണ്ടെത്തിയത്. വിജയത്തോടെ ആറ് പോയിൻറായ യുവൻറസ് ഗ്രൂപ്പ് ജിയിൽ ഒന്നാമതെത്തി.

# മൊബൈൽ ഫോൺ മോഷ്ടിച്ചുവെന്ന് ആരോപണം; പത്തു വയസുകാരിയെ പൊള്ളലേൽപ്പിച്ചു

ഹൈദരാബാദ്: ആന്ധ്രാപ്രദേശിൽ മൊബൈൽ ഫോൺ മോഷ്ടിച്ചുവെന്ന് ആരോപിച്ച് പത്തു വയസുകാരിയെ പൊള്ളലേൽപ്പിച്ചു. നെല്ലൂർ ജില്ലയിലെ ഇന്ദുകുരുപേട്ട് മണ്ഡലിലാണ് സംഭവം. കുടിതേപ്പാലം കാക്കർള ദിബ്ബയിലെ പട്ടികവർഗ കോളനിയിൽ താമസിക്കുന്ന ചെഞ്ചമ്മ എന്ന കുട്ടിക്ക് നേരെയാണ് അതിക്രമമുണ്ടായത്. അയൽവാസിയുടെ മൊബൈൽ മോഷ്ടിച്ചുവെന്നായിരുന്നു കുട്ടിക്ക് നേരെയുണ്ടായ ആരോപണം.

അയൽവാസികൾ കുട്ടിയുടെ ശരീരത്തിൽ ചൂടുള്ള ഇരുമ്പ് വടി ഉപയോഗിച്ച് പൊള്ളിക്കുകയും മർദ്ദിക്കുകയും ചെയ്തു. നാട്ടുകാർ വിവരമറിയിച്ചതിനെ തുടർന്ന് പോലീസ് സ്ഥലത്തെത്തി അന്വേഷണം നടത്തിവരികയാണ്.

മുഖത്ത് പൊള്ളലേറ്റതിന്റെയും കുട്ടി കരയുന്നതിന്റെയും വീഡിയോ വ്യാപകമായി പ്രചരിച്ചിരുന്നു.

# യുപിയിൽ നാലു വയസുകാരനായ മകനെ കൊലപ്പെടുത്തിയ ശേഷം യുവതി ജീവനൊടുക്കി

ലക്നോ: ഉത്തർപ്രദേശിലെ കനൗജ് ജില്ലയിൽ മകനെ കൊലപ്പെടുത്തിയ ശേഷം യുവതി ജീവനൊടുക്കി. ചൗഖട്ട ഗ്രാമത്തിലാണ് സംഭവം. 26 കാരിയായ പിങ്കിയാണ് നാലു വയസുകാരനായ മകൻ മോഹിതിനെ കൊലപ്പെടുത്തിയ ശേഷം മരിച്ചത്. യുവതിയുടെ പിതാവ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തതായി തിർവ സർക്കിൾ ഓഫീസർ (സിഒ) പ്രിയങ്ക ബാജ്പായ് പറഞ്ഞു. രഞ്ജിത് കുമാർ രജ്പുത് എന്നയാളെയാണ് പിങ്കി വിവാഹം ചെയ്തിരുന്നത്.

ഗുജറാത്തിലാണ് രഞ്ജിത് കുമാർ ജോലി ചെയ്തിരുന്നത്. ജോലി സംബന്ധമായി ഇരുവരും തമ്മിൽ പതിവായി വഴക്കിട്ടിരുന്നുവെന്ന് ബന്ധുക്കൾ പോലീസിനോടു പറഞ്ഞു. ശനിയാഴ്ച രാത്രി മകനെ കൊലപ്പെടുത്തിയ ശേഷം പിങ്കി വീട്ടിലെ മുറിയിൽ തൂങ്ങിമരിക്കുകയായിരുന്നു. ഞായറാഴ്ച രാവിലെ രഞ്ജിത്തിന്റെ കുടുംബാംഗങ്ങൾ മുറി പൊളിച്ച് തുറന്നപ്പോൾ മോഹിത്തിന്റെ മൃതദേഹം തറയിൽ കണ്ടെത്തി. സീലിംഗിൽ തൂങ്ങി മരിച്ച നിലയിലായിരുന്നു പിങ്കി. സ്ത്രീധന പീഡനത്തെ തുടർന്ന് മകളെയും ചെറുമകനെയും ഭർതൃവീട്ടുകാർ കൊലപ്പെടുത്തിയതാണെന്ന് പിങ്കിയുടെ പിതാവ് രാകേഷ് ചന്ദ്ര ആരോപിച്ചു.

# യുവതി ജാതിമാറി വിവാഹം കഴിച്ചു: ഒഡീഷയിൽ ശുദ്ധീകരണത്തിനായി കുടുംബത്തിലെ 40 പേരെ മൊട്ടയടിപ്പിച്ചു

ഭുവനേശ്വർ: ഒഡീഷയിൽ യുവതി ജാതി മാറി വിവാഹം കഴിച്ചതിന് കുടുംബത്തിലെ 40 പുരുഷന്മാരെ നിർബന്ധിച്ച് മൊട്ടയടിപ്പിച്ചു. ശുദ്ധീകരിക്കുന്നതിന്റെ ഭാഗമായാണ് ഇവരെ കൂട്ടത്തോടെ മൊട്ടയടിപ്പിച്ചത്.

റായഗഡ ജില്ലയിലെ ബൈഗനഗുഡ ഗ്രാമത്തിലാണ് സംഭവം. പട്ടിക വർഗ(എസ്ടി)ത്തിൽപ്പെടുന്ന പെൺകുട്ടി അയൽഗ്രാമത്തിൽ നിന്നുള്ള പട്ടിക ജാതിയിൽ(എസ്‌സി)പ്പെട്ട യുവാവിനെ വിവാഹം കഴിക്കുകയായിരുന്നു. ഇത് ഗ്രാമത്തിലുള്ളവരെ പ്രകോപിതരാക്കി. ഇവർ പെൺകുട്ടിയുടെ കുടുംബത്തെ ബഹിഷ്ക്കരിച്ചു. തിരികെ സമുദായത്തിലേക്ക് ചേർക്കണമെങ്കിൽ ശുദ്ധീകരണം നടത്തണമെന്നാണ് ഗ്രാമവാസികൾ ആവശ്യപ്പെട്ടത്. ഇതിന് തയാറായില്ലെങ്കിൽ ആജീവനാന്തം സാമൂഹിക ബഹിഷ്കരണം നേരിടേണ്ടിവരുമെന്ന് അവർ പെൺകുട്ടിയുടെ കുടുംബാംഗങ്ങളെ ഭീഷണിപ്പെടുത്തുകയായിരുന്നു. ഗ്രാമവാസികളുടെ സമ്മർദത്തെ തുടർന്ന് കുടുംബം മൃഗബലി നടത്തുകയും കൂട്ടത്തോടെ തല മുണ്ഡനം ചെയ്യുകയുമായിരുന്നു. നിരവധി പുരുഷന്മാർ തല മൊട്ടയടിച്ച് വയലിന് സമീപം ഇരിക്കുന്നതിന്റെ വീഡിയോ സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു. ഇതോടെ കാശിപൂർ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ വിജയ് സോയ് വിഷയത്തിൽ വിശദമായ അന്വേഷണത്തിന് ഉത്തരവിട്ടു.

സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ ഉദ്യോഗസ്ഥരെ ഗ്രാമത്തിലേക്ക് അയച്ചിട്ടുണ്ടെന്നും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർശന നടപടിയെടുക്കുമെന്നും വിജയ് സോയ് പറഞ്ഞു.

# ഇസ്രയേലിനെതിരായ നീക്കം അവസാനിപ്പിക്കണം; പശ്ചിമേഷ്യയിൽ ഇറാൻ നാശമുണ്ടാക്കുന്നുവെന്ന് അമേരിക്ക

വാഷിംഗ്ടൺ ഡിസി: ഇസ്രയേലിനെതിരായ നീക്കം ഇറാൻ അവസാനിപ്പിക്കണമെന്നും പശ്ചിമേഷ്യയിൽ ഇറാൻ നാശമുണ്ടാക്കുന്നുവെന്നും അമേരിക്ക. ഇറാന്റെ ഭീഷണി അവസാനിപ്പിക്കാനാണ് ആക്രമണം നടത്തിയതെന്നും അമേരിക്ക യുഎന്നിൽ അറിയിച്ചു. ഇറാൻ പശ്ചിമേഷ്യയിൽ പതിറ്റാണ്ടുകളായി നാശമുണ്ടാക്കുന്നുവെന്ന് യുഎന്നിൽ യുഎസ് പ്രതിനിധി കുറ്റപ്പെടുത്തി. അതേസമയം, ഇറാനിൽ അമേരിക്ക നടത്തിയ ആക്രമണത്തിൽ പ്രതിഷേധിച്ച് നിരവധിയാളുകൾ വൈറ്റ്ഹൗസിന് മുന്നിൽ തടിച്ചുകൂടി.

ഓപ്പറേഷൻ മിഡ്നൈറ്റ് ഹാമർ എന്ന് പേരിട്ട ഈ സൈനിക നടപടിയിലൂടെ ഇറാനിലെ പ്രധാന ആണവ സമ്പുഷ്ടീകരണ കേന്ദ്രങ്ങളായ നതാൻസ്, ഇസ്ഫഹാൻ, ഫോർഡോ എന്നിവിടങ്ങളിലാണ് അമേരിക്ക ആക്രമണം നടത്തിയത്. 125ലധികം സൈനിക വിമാനങ്ങൾ പങ്കെടുത്ത ആക്രമണത്തിൽ ബി-2 സ്റ്റെൽത്ത് ബോംബറുകൾ, 14 ജിബിയു-57 ബങ്കർ-ബസ്റ്റർ ബോംബുകളും പേർഷ്യൻ ഗൾഫിലും അറേബ്യൻ കടലിലുമുള്ള യുഎസ് അന്തർവാഹിനികളിൽ നിന്ന് 30-ലധികം ടോമാഹോക്ക് മിസൈലുകളും വിക്ഷേപിച്ചായിരുന്നു ആക്രമണം.

# നരേന്ദ്ര മോദിയുടെ ഊർജം സമാനതകളില്ലാത്തത്, ഓപ്പറേഷൻ സിന്ദൂർ കൃത്യമായ സന്ദേശം: പുകഴ്ത്തി വീണ്ടും തരൂർ

ന്യൂഡൽഹി: മോദി സ്തുതിയുമായി ബന്ധപ്പെട്ട വിവാദങ്ങൾക്കിടെ പ്രധാനമന്ത്രിയെ പുകഴ്ത്തി വീണ്ടും കോൺഗ്രസ് എംപി ശശി തരൂർ. നരേന്ദ്ര മോദിയുടെ ഊർജം സമാനതകളില്ലാത്തതാണെന്നും ആഗോള വേദിയിൽ ഇന്ത്യയുടെ സ്വത്താണ് ആ ഊർജവും ചലനാത്മകതയുമെന്നും ശശി തരൂർ പറഞ്ഞു.

പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് വലിയ പിന്തുണ ആവശ്യമുണ്ടെന്നും ദ് ഹിന്ദു ദിനപത്രത്തിലെ ലേഖനത്തിൽ തരൂർ പറഞ്ഞു. ഓപ്പറേഷൻ സിന്ദൂർ കൃത്യമായ സന്ദേശമായിരുന്നു. അന്താരാഷ്ട്ര വേദികളിൽ ഉയർന്നത് ഐക്യത്തിന്റെ ശബ്ദമാണെന്നും ശശി തരൂർ പറയുന്നു. നേരത്തെ ഓപ്പറേഷൻ സിന്ദൂറിലടക്കം മോദിയെ പ്രശംസിച്ച ശശി തരൂരിനെതിരേ കോൺഗ്രസ് യോഗത്തിലടക്കം രൂക്ഷവിമർശനമാണ് ഉയർന്നത്. ഇതിനു പിന്നാലെയാണ് ലേഖനം പുറത്തുവന്നത്.

# ഡെപ്യൂട്ടേഷൻ നിയമനം: അപേക്ഷ ക്ഷണിച്ചു

വയനാട് ടൗൺഷിപ്പ് നിർവഹണ യൂണിറ്റിൽ ക്ലാർക്കിന്റെ 3 ഒഴിവിലേക്ക് ഡെപ്യൂട്ടേഷൻ നിയമനത്തിന് സർക്കാർ വകുപ്പുകളിലെ തത്തുല്യ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ള ജീവനക്കാർ ബയോഡാറ്റ, 144 കെ.എസ്.ആർ പാർട്ട് 1, സമ്മതപത്രം, മേലധികാരി സാക്ഷ്യപ്പെടുത്തി നൽകിയ നിരാക്ഷേപ പത്രം എന്നിവ സഹിതം പൂർണമായ അപേക്ഷ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, വയനാട് ടൗൺഷിപ്പ് പ്രോജക്ട് ആന്റ് ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, അയ്യൻകാളി ഭവൻ, നാലാം നില, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ ലഭ്യമാക്കണം.

# ഗസ്റ്റ് ലക്ചറർ നിയമനം

നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജിൽ ഇലക്ട്രോണിക്സ് എൻജിനീയറിങ് വിഭാഗത്തിൽ ഗസ്റ്റ് ലക്ചറർ തസ്തികയിലേക്ക് നിയമനത്തിന് ജൂൺ 24 രാവിലെ 10.30 ന് അഭിമുഖം നടത്തുന്നു.

നിലവിൽ രണ്ട് ഒഴിവുകളാണുള്ളത്. ഇലക്ട്രോണിക്സ് എൻജിനീയറിങ്ങിൽ 60 ശതമാനത്തിൽ കുറയാത്ത മാർക്കോടുകൂടി ബിരുദമോ തത്തുല്യ യോഗ്യതയോ ഉള്ള ഉദ്യോഗാർഥികൾ യോഗ്യത, വയസ് എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ നേരിട്ട് ഹാജരാകണം. ഫോൺ: 0471 2222935.

# ഭവനം ഫൗണ്ടേഷൻ അപ്പാർട്ടുമെന്റുകൾ വില്പനയ്ക്ക്

ഭവനം ഫൌണ്ടേഷൻ കേരള എറണാകുളം ജില്ലയിലെ പോഞ്ഞാശ്ശേരിയിൽ പണിതീർത്ത 715 സ്ക്വയർ ഫീറ്റുള്ള 74 അപ്പാർട്ട്മെന്റുകൾ വിൽപ്പനയ്ക്ക്. തന്റെയോ പങ്കാളിയുടെയോ പേരിൽ സ്വന്തമായി വീട്/അപ്പാർട്ട്മെന്റ് ഇല്ലാത്ത സ്വകാര്യ. പൊതു, സർക്കാർ മേഖലകളിൽ കുറഞ്ഞ വേതനത്തിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് വേണ്ടിയാണ് ഇത് പണികഴിപ്പിച്ചിട്ടുള്ളത്.

അപ്പാർട്ട്മെന്റിൽ 2 ബെഡ്റൂമുകൾ, ഡൈനിങ് ഏരിയയും വിസിറ്റിംഗ് ഏരിയയും അടങ്ങിയ ഒരു മൾട്ടി പർപസ് ഹാൾ, ഒരു അടുക്കള, രണ്ടു അറ്റാച്ച്ഡ് ബാത്റൂമുകൾ, ഒരു കാർ പാർക്കിങ്, ഒരു ബാൽക്കണി എന്നിവയും അഗ്നിശമന സംവിധാനം, 2 ലിഫ്റ്റുകൾ, മഴവെള്ള സംഭരണി, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ഡീസൽ ജനറേറ്റർ സിസ്റ്റം, റോഡ് ആക്സസ്, ചുറ്റുമതിൽ, സെക്യൂരിറ്റി ക്യാബിൻ തുടങ്ങിയ പൊതു സൗകര്യങ്ങളുമുണ്ട്. ഒരു അപാർട്മെന്റിന്റെ വില 20,57,708 രൂപയാണ്.അപേക്ഷ ഫോറം ഭവനം ഫൗണ്ടേഷൻ കേരള, ലേബർ കമ്മീഷണറേറ്റ്, കേരള അക്കാദമി ഫോർ സ്കിൽ ആൻഡ് എക്സലൻസ് (ഗഅടഋ), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആൻഡ് എംപ്ലോയ്മെന്റ് (ഗകഘഋ)എന്നീ സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളിൽ നിന്നും ഡൗൺലോഡ് ചെയ്യാം. പൂരിപ്പിച്ച അപേക്ഷയും അർഹത തെളിയിക്കുന്ന രേഖകളുടെ അസൽ പകർപ്പുകളും ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, ഭവനം ഫൗണ്ടേഷൻ കേരള, ടിസി 13/287/1, പനച്ചമൂട്ടിൽ, മുളവന ജംഗ്ഷൻ, കുന്നുകുഴി, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം 695035 എന്ന വിലാസത്തിൽ ജൂലൈ 20 ന് മുൻപായി ലഭിക്കണം.

# ഒഴിവുവന്ന സീറ്റുകളിൽ അപേക്ഷിക്കാം

മൂന്നാർ എൻജിനിയറിംഗ് കോളേജിൽ 2025-26 അധ്യയന വർഷം ബി.ടെക് കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനിയറിംഗ് (CSE), ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനിയറിംഗ് (ECE), ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനിയറിംഗ് (EEE), മെക്കാനിക്കൽ എൻജിനിയറിംഗ് (ME) ബ്രാഞ്ചുകളിൽ ഒഴിവു വന്നേക്കാവുന്ന സീറ്റുകളിലേക്ക് NON-KEAM വിഭാഗത്തിൽ പെട്ട കുട്ടികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ള വിദ്യാർഥികൾക്ക് www.cemunnar.ac.in ൽ കൊടുത്തിരിക്കുന്ന ഗൂഗിൾ ഫോം പൂരിപ്പിച്ച് അപേക്ഷിക്കാം. ഇതേ ബ്രാഞ്ചുകളിൽ രണ്ടാം വർഷ ബി.ടെക് സിറ്റുകളിലേക്ക് LET പാസായ ഡിപ്ലോമക്കാർക്ക് ലാറ്ററൽ എൻട്രി സ്കീമിൽ ഇപ്പോൾ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 9447570122,

# ബാച്ചിലർ ഓഫ് ഡിസൈൻ B.Des) പ്രവേശനപരീക്ഷയുടെ ഹാൾ ടിക്കറ്റ്

സംസ്ഥാനത്തെ സർക്കാർ/സ്വാശ്രയ കോളേജുകളിലേക്ക് 2025-26 അധ്യായന വർഷത്തെ ബാച്ചിലർ ഓഫ് ഡിസൈൻ (B.Des) കോഴ്സിന്റെ പ്രവേശനവുമായി ബന്ധപ്പെട്ടു ജൂൺ 29 നു നടത്തുന്ന പ്രവേശനപരീക്ഷയുടെ ഹാൾ ടിക്കറ്റ്

www.lbscentre.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന അപേക്ഷാർത്ഥികളുടെ ലോഗിൻ വഴി ഡൗൺലോഡ് ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: 0471-2324396, 2560361, 2560327.

# ഗസ്റ്റ് ലക്ചറർ നിയമനം

നെടുമങ്ങാട് ഗവ. പോളിടെക്നിക് കോളജിൽ ഒഴിവുള്ള മെക്കാനിക്കൽ ഗസ്റ്റ് ലക്ചറർ തസ്തികയിലേക്ക് എൻജിനിയറിങ് ഗ്രാഫിക്സ് വിഷയം കൈകാര്യം ചെയ്യുന്നതിനായി 30ന് രാവിലെ 10.30ന് ഇന്റർവ്യൂ നടത്തും. മെക്കാനിക്കൽ എൻജിനിയറിങ് ബിരുദത്തിൽ (ബി.ടെക്) ഒന്നാം ക്ലാസാണ് യോഗ്യത. നിയമനം ഒരു സെമസ്റ്ററിലേക്ക് മാത്രമായിരിക്കും. താത്പര്യമുള്ള ഉദ്യോഗാർഥികൾ കോളജ് പ്രിൻസിപ്പൽ മുമ്പാകെ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഇന്റർവ്യൂവിന് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 0472 2802686,

# മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ റഗുലർ പ്രവേശനപരീക്ഷയുടെ ഹാൾ ടിക്കറ്റ്

സംസ്ഥാനത്തെ സർക്കാർ, സ്വാശ്രയ കോളേജുകളിലേക്ക് 2025-26 അധ്യയന വർഷത്തെ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ റഗുലർ (ങഇഅ ഞലഴൗഹമൃ) കോഴ്സിന്റെ പ്രവേശനത്തിന് ജൂൺ 29 നു നടത്തുന്ന പ്രവേശനപരീക്ഷയുടെ ഹാൾ ടിക്കറ്റ് വെബ്സൈറ്റ് മുഖേന അപേക്ഷാർത്ഥികളുടെ ലോഗിൻ വഴി ഡൗൺലോഡ് ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക്: 0471-2324396,

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഗൃഹപ്രവേശം നടക്കേണ്ട വീട്ടിലേക്ക് ചേതനയറ്റ രഞ്ജിത എത്തുന്നു; മൃതദേഹം തിരിച്ചറിഞ്ഞു

പത്തനംതിട്ട: അഹമ്മദാബാദ് വിമാന ദുരന്തത്തിൽ മരിച്ച മലയാളി നഴ്സ് രഞ്ജിതയുടെ മൃതദേഹം തിരിച്ചറിഞ്ഞു. മൃതദേഹം ചൊവ്വാഴ്ച പത്തനംതിട്ട പുല്ലാട്ടെ വീട്ടിലെത്തിക്കും. സഹോദരന് പുറമെ അമ്മയുടെ ഡിഎൻഎസാമ്പിളും പരിശോധനക്ക് എത്തിച്ചിരുന്നു. നേരത്തെ രഞ്ജിതയുടെ ഇളയ സഹോദരൻ രതീഷിനെ അഹമ്മദാബാദിലെത്തിച്ച് ഡിഎൻഎ പരിശോധന നടത്തിയെങ്കിലും സ്ഥിരീകരിക്കാൻ കഴിഞ്ഞിരുന്നില്ല. തുടർന്നാണ് ശനിയാഴ്ച അമ്മ തുളസിയുടെ രക്തസാമ്പിൾ ശേഖരിച്ച് ഡിഎൻഎ പരിശോധനയ്ക്ക് കൊണ്ടുപോയത്. മൃതദേഹം നാട്ടിലെത്തിക്കാൻ രതീഷും ബന്ധു ഉണ്ണികൃഷ്ണനും അഹമ്മദാബാദിൽ തുടരുകയാണ്. ഗൃഹപ്രവേശന ചടങ്ങുകൾ നടത്തേണ്ട പുതിയ വീട്ടിലേക്ക് ചൊവ്വാഴ്ച എത്തുക രഞ്ജിതയുടെ ചേതനയറ്റ ശരീരമാണ്. ചൊവ്വാഴ്ച രാവിലെ ഏഴിന് തിരുവനന്തപുരം വിമാനത്താവളത്തിൽ മൃതദേഹം എത്തും. തുടർന്ന് പത്തനംതിട്ട പുല്ലാട് ശ്രീ വിവേകാനന്ദ ഹൈസ്കൂളിൽ പൊതുദർശനം നടത്തും. വൈകുന്നേരത്തോടെ വീട്ടുവളപ്പിലായിരിക്കും സംസ്കാരം. പത്തനംതിട്ട പുല്ലാട് കുറുങ്ങഴക്കാവ് കൊഞ്ഞോൺ കുടുംബാംഗവും ലണ്ടനിൽ നഴ്സുമായ രഞ്ജിത ജി. നായർ (38) നാട്ടിൽ വന്ന് തിരികെ മടങ്ങവേയാണ് ദുരന്തം സംഭവിച്ചത്. നെടുന്പാശേരിയിലെത്തി അവിടെനിന്ന് ചെന്നൈ വഴിയാണ് രഞ്ജിത അഹമ്മദാബാദിലെത്തിയത്. നേരത്തെ ഗൾഫ് രാജ്യങ്ങളിൽ നഴ്സായി ജോലി ചെയ്തിരുന്ന രഞ്ജിത ഒരു വർഷം മുമ്പാണ് ലണ്ടനിലേക്ക് ജോലിക്കായി പോയത്. രണ്ട് മക്കളാണുള്ളത്. മൂത്ത മകൻ ഇന്ദുചൂഡൻ പുല്ലാട് എസ്‌വി ഹൈസ്കൂളിൽ പത്താം ക്ലാസിലും മകൾ ഇന്ദിത ഇരവിപേരൂർ ഒഇഎം സ്കൂളിൽ ഏഴാം ക്ലാസിലും പഠിക്കുന്നു.

## അൻവറിന് മുന്നിൽ വാതിൽ അടച്ചിട്ടില്ല, ആവശ്യമെങ്കിൽ തുറക്കാം: സണ്ണി ജോസഫ്

മലപ്പുറം: പി. വി. അൻവറിന് മുന്നിൽ യുഡിഎഫ് വാതിൽ അടച്ചിട്ടില്ലെന്ന് കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ്. ആവശ്യമുണ്ടെങ്കിൽ അത് തുറക്കാമെന്ന് അദ്ദേഹം പ്രതികരിച്ചു. നിലന്പൂരിൽ തങ്ങൾക്ക് ജനപിന്തുണ ലഭിച്ചു. നിലമ്പൂരിലെ ഉപതെരഞ്ഞെടുപ്പ് ഫലം 2026-ലെ നിയമസഭാ തെരഞ്ഞെടുപ്പ് ഫലത്തിന്റെ ചവിട്ടുപടിയാണ്. താൻ ഒറ്റയ്ക്കല്ല, കരുത്തുറ്റ ഒരു ടീം തനിക്കൊപ്പമുണ്ട്. ഒത്തൊരുമിച്ചുള്ള പ്രവർത്തനം ഇനിയും തുടരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# വിജയിച്ചത് സതീശനിസം.... പാർട്ടിയിൽ അതികായനായി വി.ഡി

കോഴിക്കോട്: കേരള രാഷ്ട്രീയത്തെ മുൾമുനയിൽ നിർത്തിയ നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ ഒടുവിൽ യുഡിഎഫ് വിജയിച്ചുകയറിയതോടെ കോൺഗ്രസ് പാർട്ടിയിലും മുന്നണിയിലും അതികായനായി പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. പി. വി. അൻവർ ഉയർത്തിയ രാഷ്ട്രീയ സമ്മർദത്തെ സമർഥമായി അതിജീവിച്ച വി. ഡി. സതീശനാണ് യുഡിഎഫ് വിജയത്തിൽ നിറഞ്ഞ കൈയടി നേടുന്നത്. 'തോറ്റാൽ മുഴുവൻ ഉത്തരവാദിത്വവും ഞാൻ ഏൽക്കാം, ജയിച്ചാൽ ക്രെഡിറ്റ് എല്ലാവർക്കുമാണ്'. നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് പ്രചാരണഘട്ടത്തിൽ പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ നടത്തിയ പ്രസ്താവനയുടെ ആഴം വലുതാണെന്ന് രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തുന്നു.

തനിക്കെതിരേ പി. വി. അൻവർ ഉയർത്തിയ ആരോപണങ്ങളോട് വ്യക്തിപരമായി പ്രതികരിക്കാതിരുന്ന വി. ഡി. സതീശൻ, സ്ഥാനാർഥി ആര്യാടൻഷൗക്കത്തിനെതിരായ അൻവറിന്റെ ആരോപണങ്ങളെ പാർട്ടിയെ ഉപയോഗിച്ച് വിദഗ്ദധമായി തടുക്കുകയും ചെയ്തു.

ഹൈക്കമാൻഡ് അംഗീകരിച്ച സ്ഥാനാർഥിക്കെതിരേ അൻവർ സംസാരിച്ചതോടെ സമവായ സാധ്യത തേടിയ മുതിർന്ന കോൺഗ്രസ് നേതാക്കൾക്ക് സതീശനൊപ്പം ചേരേണ്ടിവന്നു. അതിന് ദേശീയ നേതൃത്വത്തിന്റെ പിന്തുണയും ലഭിച്ചു. ഒപ്പം പാർട്ടിയിലെ യുവനേതാക്കളായ ഷാഫി പറമ്പിൽ എംപി, രാഹുൽ മാങ്കൂട്ടത്തിൽ, യൂത്ത് ലീഗ് നേതാവ് പി. കെ. ഫിറോസ് എന്നിവരെ സമർഥമായി ഉപയോഗിച്ച് വി. ഡി. സതീശൻ നടത്തിയപോരാട്ടമായിരുന്നു നിലമ്പൂർ തിരിച്ചുപിടിക്കാൻ യുഡഎഫിനെ സഹായിച്ചത്.

ഇടതുമുന്നണിക്ക് കൈവിട്ട കേസായിരുന്നു നിലമ്പൂർ. 1987 മുതൽ 2011 വരെ ആര്യാടൻ മുഹമ്മദ് തുടർച്ചയായി വിജയിച്ച മണ്ഡലം. പി. വി. അൻവർ എന്ന പഴയ കോൺഗ്രസുകാരൻ ഇടതു സ്വതന്ത്രനായി മത്സരിച്ചപ്പോൾ നിലമ്പൂർ പിടിക്കാനായത് വലിയ നേട്ടമായി സിപിഎം കണ്ടു.

ഇക്കുറി അൻവർ കളം മാറ്റി ചവിട്ടിയപ്പോൾ നിലമ്പൂരിൽ കളി കാര്യമാക്കേണ്ട എന്ന ചിന്തയിലായിരുന്നു സിപിഎമ്മിന്റെ ബുദ്ധികേന്ദ്രങ്ങൾ ആദ്യം. പക്ഷേ, അൻവർ കോൺഗ്രസുമായി തെറ്റിയതോടെ നിലമ്പൂരിൽ സിപിഎം വീണ്ടും ഒരവസരം കണ്ടു. അങ്ങനെയാണ് സ്വരാജ് സ്ഥാനാർഥിയായത്. സ്വരാജിന് പാർട്ടി വോട്ടുകൾ ചോരാതെ കീശയിലാക്കാൻ കഴിഞ്ഞെങ്കിലും വിജയിച്ചുകയറാൻ കഴിഞ്ഞില്ല. പി. വി. അൻവർ മികച്ച വോട്ട് നേടി കരുത്ത് കാട്ടിയെങ്കിലും യുഡിഎഫ് പ്രവേശനത്തിനായി കാത്തിരിക്കേണ്ടി വരും.

## അൻവർ പിടിച്ച വോട്ടും ഭരണവിരുദ്ധ വികാരത്തിൻറേത്, മുഖ്യമന്ത്രി രാജിവച്ചൊഴിയണം: ചെന്നിത്തല

നിലമ്പുർ: ശക്തമായ ഭരണവിരുദ്ധ വികാരം നിലമ്പുരിലുണ്ടായെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല. സർക്കാരിനെതിരായ അതിശക്തമായ വികാരത്തിൻറെ കുത്തൊഴുക്കാണ് കാണാൻ സാധിച്ചത്. അൻവർ പിടിച്ച വോട്ടും ഭരണവിരുദ്ധ വികാരത്തിൻറേതാണ്. മുഖ്യമന്ത്രി പിണറായി വിജയൻ രാജിവച്ച് ഒഴിയുകയാണ് വേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കഴിഞ്ഞ ഉപതെരഞ്ഞെടുപ്പുകളിൽ തങ്ങളുടെ സീറ്റ് നിലനിർത്തി. ഇവിടെ നിലമ്പൂരിലെ സീറ്റ് തങ്ങൾ തിരിച്ചുപിടിച്ചു. ഉജ്വലമായ വിജയം നൽകിയ നിലമ്പുരിലെ ജനങ്ങളെ അഭിനന്ദിക്കുന്നുവെന്നും ചെന്നിത്തല അറിയിച്ചു. 2026 ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ മുന്നോടിയായുള്ള തിരഞ്ഞെടുപ്പാണ്. ഈ സെമിഫൈനലിൽ യുഡിഎഫ് ജയിച്ചു. ഫൈനലിലും തങ്ങൾ ജയിക്കുമെന്ന് സംശയമില്ലെന്നും ചെന്നിത്തല കൂട്ടിച്ചേർത്തു.

## നിലമ്പൂർ ജയം എൽഡിഎഫ് സർക്കാരിനുള്ള ഷോക്ക് ട്രീറ്റ്മെൻറ്: ആൻറണി

തിരുവനന്തപുരം: നിലമ്പൂരിലെ യുഡിഎഫ് വിജയം എൽഡിഎഫ് സർക്കാരിന് ജനങ്ങൾ നൽകിയ ഷോക്ക് ട്രീറ്റ്മെൻറാണെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് എ. കെ. ആൻറണി. തലസ്ഥാനത്ത് മാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

രണ്ടാം പിണറായി സർക്കാരിന്റെ നാലാം വാർഷികം ആഘോഷിച്ച് മൂന്നാം ഊഴത്തിന് കാത്തിരുന്ന എൽഡിഎഫിന് ലഭിച്ച കനത്ത തിരിച്ചടിയാണ് നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് ഫലം. യുഡിഎഫ് വിജയത്തിനായി പ്രവർത്തിച്ച ഓരോരുത്തരെയും താൻ പ്രത്യേകം അഭിനന്ദിക്കുന്നുവെന്നും ഇത് ജനങ്ങളുടെ വിജയമാണെന്നും എ. കെ. ആൻറണി പ്രതികരിച്ചു.

## നിലമ്പുരിൽ പിടിച്ചത് സിപിഎം വോട്ടുകൾ, പിണറായിസത്തിനെതിരായ വിധിയെഴുത്ത്: അൻവർ

നിലമ്പുർ: നിലമ്പൂരിൽ യുഡിഎഫ് വോട്ടുകളിൽ വിള്ളൽ വീഴ്ത്തിയെന്ന ആരോപണങ്ങൾ തള്ളി പി. വി. അൻവർ. ഭൂരിപക്ഷം വോട്ടും താൻ പിടിച്ചത് എൽഡിഎഫിൻറേതാണെന്നും പിണറായിസത്തിനെതിരായ വിധിയെഴുത്താണിതെന്നും അൻവർ പ്രതികരിച്ചു. വോട്ടെണ്ണൽ പത്താം റൗണ്ട് പൂർത്തിയായപ്പോൾ 11466 വോട്ടാണ് അൻവർ നേടിയിരിക്കുന്നത്. യുഡിഎഫ് ശക്തികേന്ദ്രങ്ങളിലടക്കം അൻവർ കടന്നുകയറിയതോടെ ആര്യാടൻ ഷൗക്കത്തിന് പ്രതീക്ഷിച്ചത്ര മുന്നേറ്റമുണ്ടാക്കാനായില്ല.

## അച്ഛാ നമ്മൾ ജയിച്ചൂട്ടോ; ഫേസ്ബുക്ക് പോസ്റ്റുമായി വി. വി. പ്രകാശിന്റെ മകൾ

മലപ്പുറം: നിലന്പൂരിൽ യുഡിഎഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്ത് വിജയമുറപ്പിച്ചതിന് പിന്നാലെ ഫേസ്ബുക്ക് പോസ്റ്റുമായി വി. വി. പ്രകാശിന്റെ മകൾ നന്ദന പ്രകാശ്. അച്ഛാ നമ്മൾ ജയിച്ചൂട്ടോ, അന്നും ഇന്നും എന്നും പാർട്ടിക്കൊപ്പം എന്നാണ് പോസ്റ്റ്. 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ നിലമ്പൂരിൽ യുഡിഎഫ് സ്ഥാനാർഥിയായിരുന്ന വി. വി. പ്രകാശ് ഫലം വരുന്നതിനു മൂന്നു ദിവസം മുന്പാണ് തെരഞ്ഞെടുപ്പു ദിവസം അച്ഛനെ ഓർക്കുന്നതായി നന്ദന സമൂഹ മാധ്യമത്തിൽ കുറിപ്പിട്ടിരുന്നു. യുഡിഎഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്ത് പ്രകാശിന്റെ വീട്ടിൽ വോട്ടു ചോദിച്ചെത്താത്തതും എതിരാളികൾ പ്രചാരണ ആയുധമാക്കിയിരുന്നു.

## ഹൃദയാഘാതം; വി. എസ്. അച്യുതാനന്ദൻ ആശുപത്രിയിൽ

തിരുവനന്തപുരം: മുൻ മുഖ്യമന്ത്രിയും മുതിർന്ന സിപിഎം നേതാവുമായ വി. എസ്. അച്യുതാനന്ദനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഹൃദയാഘാതത്തെ തുടർന്ന് ഇന്ന് രാവിലെയാണ് അദ്ദേഹത്തെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലെത്തിച്ചത്. നിലവിൽ വിഎസിന്റെ ആരോഗ്യനില തൃപ്തികരമെന്നാണ് ഡോക്ടർമാർ അറിയിച്ചത്.

# കരുത്ത് കാട്ടി അൻവർ, നിഷ്പ്രഭനായി സ്വരാജ്

കോഴിക്കോട്: നിലമ്പുർ ഉപതെരഞ്ഞെടുപ്പ് ത്രില്ലറിൽ യുഡിഎഫിന് ഉജ്വല വിജയം. 2016 മുതൽ കൈവിട്ട മണ്ഡലം ആര്യാടൻ ഷൗക്കത്തിലൂടെ യുഡിഎഫ് പിടിച്ചെടുത്തു. 11,077 വോട്ടിന്റെ മികച്ച ഭൂരിപക്ഷത്തിലാണ് യുഡിഎഫ് സ്ഥാനാർഥിയുടെ വിജയം. 77,737 വോട്ടുകളാണ് അദ്ദേഹം സ്വന്തമാക്കിയത്.

വോട്ടെണ്ണലിന്റെ ഒരു ഘട്ടത്തിലും എൽഡിഎഫ് സ്ഥാനാർഥി എം. സ്വരാജിന് ലീഡ് നേടാനായില്ല. 66,660 വോട്ടുകളാണ് സ്വരാജ് നേടിയത്. സ്വരാജിന്റെ സ്വന്തം പഞ്ചായത്തായ പോത്തുകല്ലിൽ യുഡിഎഫ് 800 വോട്ട് ലീഡ് നേടി. സ്വന്തം ബൂത്തിൽ പോലും സ്വരാജ് 40 വോട്ടിന് പിന്നിലായി. അതേസമയം, ഒറ്റയ്ക്കു പൊരുതിയ പി. വി. അൻവർ 19,760 വോട്ട് പിടിച്ച് കരുത്ത് കാട്ടി. ഇടതു സ്വതന്ത്രനായി 2016ലും 21-ലും വിജയിച്ചുകയറിയ പി. വി. അൻവർ സിപിഎമ്മുമായി തെറ്റിപ്പിരിഞ്ഞതോടെയാണ് ഉപതെരഞ്ഞെടുപ്പിന് കളമൊരുങ്ങിയത്. അതേസമയം, ബിജെപി സ്ഥാനാർഥി മോഹൻ ജോർജിന് 8,648 വോട്ടുകൾ മാത്രമേ നേടാനായുള്ളൂ.

തുടക്കത്തിൽ എണ്ണിയ വഴിക്കടവ് പഞ്ചായത്ത് മുതൽ പി. വി. അൻവർ ഉയർത്തിയ ഭീഷണി മറികടന്നു കൊണ്ടാണ് ആര്യാടൻ ഷൗക്കത്ത് വിജയത്തിലേക്കു കുതിച്ചത്. ആദ്യം യുഡിഎഫ് സ്ഥാനാർഥി ഒന്നു പതറിയെങ്കിലും ആദ്യ അഞ്ച് റൗണ്ട് പൂർത്തിയായപ്പോൾ ഭൂരിപക്ഷം നാലായിരത്തിൽ എത്തിക്കാൻ കഴിഞ്ഞു. പിന്നീട് ആര്യാടന് തിരിഞ്ഞുനോക്കേണ്ടിവന്നില്ല. ഒരിക്കൽ പോലും എൽഡിഎഫ് സ്ഥാനാർഥി എം. സ്വരാജിന് ലീഡ് നേടാനായില്ല.

പോസ്റ്റൽ ബാലറ്റ് എണ്ണിത്തുടങ്ങിയതുമുതൽ ലീഡ് പിടിച്ച യുഡിഎഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്ത് ഒരുഘട്ടത്തിലും ലീഡ് കൈവിടാതെ മുന്നേറി. അതേസമയം യുഡിഎഫ് പ്രതീക്ഷിച്ച ലീഡ് വഴിക്കടവിൽ ലഭിച്ചില്ല എന്നതും ശ്രദ്ധേയമാണ്.

## ഇത് ടീം യുഡിഎഫിന്റെ വിജയം; എൽഡിഎഫിന് വോട്ടുചോർച്ച ഉണ്ടായെന്ന് സതീശൻ

മലപ്പുറം: നിലമ്പൂരിലെ തെരഞ്ഞെടുപ്പ് ഫലം ടീം യുഡിഎഫിന്റെ വിജയമെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. യുഡിഎഫിന്റെ രാഷ്ട്രീയ വോട്ട് ചോർന്നിട്ടില്ല. 16000-ൽ അധികം വോട്ടാണ് എൽഡിഎഫിന് നഷ്ടപ്പെട്ടതെന്ന് സതീശൻ പ്രതികരിച്ചു. സർക്കാരിനെതിരായ ജനവിധിയാണ് നിലമ്പൂരിൽ ഉണ്ടായത്. സർക്കാരിന് ജനങ്ങൾക്ക് വെറുപ്പാണെന്ന് ബോധ്യപ്പെട്ടു.

ഈ തെരഞ്ഞെടുപ്പോടെ അതിശക്തമായ മുന്നണിയായി യുഡിഎഫ് മാറിയെന്ന് സതീശൻ പറഞ്ഞു. ഏത് കേഡർ പാർട്ടിയേയും പരാജയപ്പെടുത്താനുള്ള സംഘടനാ വൈഭവം തങ്ങൾക്കുണ്ടെന്ന് തെളിയിച്ചു. അത് അടുത്ത തെരഞ്ഞെടുപ്പുകളിൽ കൂറേക്കൂടി ഭംഗിയായി തങ്ങൾ കാണിക്കും. അൻവറിന്റെ കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് യുഡിഎഫാണ്. അക്കാര്യത്തിൽ തീരുമാനമായ ശേഷം പറയാമെന്നും സതീശൻ കൂട്ടിച്ചേർത്തു.

## ഇത് യുഡിഎഫാണ്, 2026ൽ കൊടുങ്കാറ്റ് പോലെ തിരിച്ചുവരും; ഫേസ്ബുക്ക് പോസ്റ്റുമായി സതീശൻ

മലപ്പുറം: നിലന്പൂരിൽ യുഡിഎഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്ത് വിജയമുറപ്പിച്ചതിന് പിന്നാലെ ഫേസ്ബുക്ക് പോസ്റ്റുമായി പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. ചങ്ക് കൊടുത്തും മുന്നണിയെ സ്നേഹിക്കുന്ന പ്രവർത്തകരും നേതാക്കളുമുള്ളപ്പോൾ യുഡിഎഫ് ജനഹൃദയം കവരുമെന്ന് സതീശൻ പ്രതികരിച്ചു. ഇത് യുഡിഎഫാണ്. ഒറ്റ പാർട്ടിയെ പോലെ പ്രവർത്തിക്കുന്ന ഐക്യ ജനാധിപത്യ മുന്നണിയാണ്.

2026-ൽ യുഡിഎഫ് കൊടുങ്കാറ്റ് പോലെ തിരിച്ച് വരുമെന്നും സതീശൻ കുറിച്ചു. 2011ൽ ക്രിക്കറ്റ് ലോകകപ്പ് നേടിയ ധോണിയുടെയും 2022ൽ ഫുട്ബോൾ ലോകകപ്പ് ഉയർത്തിയ ലിയോണൽ മെസിയുടെയും ചിത്രം പങ്കുവച്ചുകൊണ്ടാണ് സതീശന്റെ പോസ്റ്റ്.

# വിചിത്ര വാദവുമായി ഗോവിന്ദൻ; യുഡിഎഫിന്റെ വോട്ട് കുറഞ്ഞുവെന്ന് വിലയിരുത്തൽ

തിരുവനന്തപുരം: നിലമ്പൂർ മണ്ഡലത്തിൽ യുഡിഎഫിന് കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ലഭിച്ചതിനേക്കാൾ 1,470 വോട്ട് കുറഞ്ഞുവെന്ന് വാദവുമായി സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ. തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. തെരഞ്ഞെടുപ്പിൽ ഭരണവിരുദ്ധ വികാരം പ്രതിഫലിച്ചുവെന്ന് ആരോപണം സിപിഎം സംസ്ഥാന സെക്രട്ടറി തള്ളിക്കളഞ്ഞു. അത്തരമൊരു നിലപാട് ജനങ്ങൾക്കില്ല. മണ്ഡലത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ രാഷ്ട്രീയ അടിത്തറ നിലനിർത്താൻ സാധിച്ചുവെന്നും അദ്ദേഹം വ്യക്തമാക്കി.

ജമാ അത്തെ ഇസ്ലാമി, എസ്ഡിപിഐ തുടങ്ങിയ വർഗീയ സംഘടനകളുടെ പിൻബലത്തോടെയാണ് യുഡിഎഫ് വിജയം നേടിയത്. ജമാ അത്തെ ഇസ്ലാമിയുടെ പിന്തുണയുണ്ടെന്ന് പ്രതിപക്ഷ നേതാവ് തന്നെ തുറന്നു സമ്മതിച്ചതാണ്.

തെരഞ്ഞെടുപ്പിൽ യുഡിഎഫിന് വോട്ട് കുറഞ്ഞത് അവർക്ക് ജനപിന്തുണ കുറഞ്ഞതിന്റെ തെളിവാണ്. ജയസാധ്യത ഇല്ലെന്ന് മനസിലാക്കി ബിജെപി സ്ഥാനാർഥിയുടെ വോട്ട് യുഡിഎഫിന് മറിച്ചുവെന്നും ഇക്കാര്യം ബിജെപി സ്ഥാനാർഥി തന്നെ സമ്മതിച്ചുവെന്നും ഗോവിന്ദൻ ആരോപിച്ചു.

## ഒരു വർഗീയവാദിയുടെയും വോട്ട് എൽഡിഎഫ് വാങ്ങിയില്ലെന്ന് സ്വരാജ്

നിലമ്പൂർ: ഒരു വർഗീയവാദിയുടെയും വോട്ട് എൽഡിഎഫ് തെരഞ്ഞെടുപ്പിൽ വാങ്ങിയില്ലെന്ന് നിലമ്പൂരിലെ എൽഡിഎഫ് സ്ഥാനാർഥി എം. സ്വരാജ്. ഉപതെരഞ്ഞെടുപ്പ് ഫലം വന്നതിന് ശേഷം മാധ്യമപ്രവർത്തകരോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

തെരഞ്ഞെടുപ്പിൽ ഭരണവിരുദ്ധ വികാരം പ്രതിഫലിച്ചുവെന്ന് താൻ കരുതുന്നില്ല. എൽഡിഎഫ് സർക്കാരിന്റെ പ്രവർത്തനങ്ങളെ ആകെ ജനം നിരാകരിച്ചുവെന്ന് പറയാൻ കഴിയില്ല. എങ്കിലും ഉപതെരഞ്ഞെടുപ്പ് ഫലം പാർട്ടി വിലയിരുത്തുമെന്നും തുടർ പരിശോധനകൾ നടത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. തെരഞ്ഞെടുപ്പിൽ വിജയിച്ച ആര്യാടൻ ഷൗക്കത്തിന് എല്ലാ അഭിനന്ദനവും നേരുന്നുവെന്നും കുറച്ചു കാലമേ ഉള്ളുവെങ്കിലും മികച്ച രീതിയിൽ പ്രവർത്തിക്കാൻ കഴിയട്ടെ എന്നും എം. സ്വരാജ് പറഞ്ഞു.

# എംഡിഎംഎയുമായി യുവതി ഉൾപ്പെടെ 11 പേർ പിടിയിൽ

കൊട്ടിയം: രാസലഹരിയുമായി യുവതി അടക്കം 11 പേരെ കൊട്ടിയത്ത് പോലീസ് അറസ്റ്റ് ചെയ്തു. ഇവരിൽ നിന്നും 8.76 ഗ്രാം എംഡിഎംഎ പിടിച്ചെടുത്തു. ജില്ലയിൽ വീണ്ടും വൻ ലഹരിവേട്ടയാണ് നടന്നിരിക്കുന്നത്. അഞ്ചാലുംമൂട്, കൊട്ടിയം, കരുനാഗപ്പള്ളി പൊലീസ് സ്റ്റേഷൻ പരിധികളിലാണ് പ്രതികൾ പോലീസിെ ൻറ വലയിലായത്.

കൊട്ടിയം പൊലിസ് സ്റ്റേഷൻ പരിധിയിൽ 2.3 ഗ്രാം എം ഡി എം എയുമായി യുവതിയടക്കം ഏഴു പേരാണ് പിടിയിലായത്. വർക്കല സ്വദേശികളായ പുതിയ വീട്ടിൽ താരിഖ് (20), മുള്ളിൽ വീട്ടിൽ തസ് ലിം (23), മന്ത്രി വിളകം വീട്ടിൽ മാഹീൻ (28), ഉമയനല്ലൂർ ഷിബിന മൻസിലിൽ ഷാനു (27), ചാത്തന്നൂർ അനിഴം വീട്ടിൽ സൂരജ്(27), പാരിപ്പള്ളി ആശാരി വിളയിൽ ഗോകുൽ (32), തിരുവനന്തപുരം പാലോട് മയിലാടും പുത്തൻ വീട്ടിൽ അൻസിയ(35) എന്നിവരെയാണ് കൊട്ടിയം പൊലിസ് അറസ്റ്റ് ചെയ്തത്.

സബ് ഇൻസ്പെക്ടർ നിതിൻ നളെ ൻറ നേതൃത്വത്തിൽ കൊട്ടിയം ഹോളി ക്രോസ് ആശുപത്രിക്ക് സമീപത്തെ റോഡിൽ പാർക്ക് ചെയ്തിരുന്ന രണ്ട് കാറുകളിൽ നടത്തിയ പരിശോധനയിലാണ് ഇവർ എംഡിഎംഎയുമായി പിടിയിലായത്.

പുലർച്ചെ കൊട്ടിയത്ത് ഒഴിഞ്ഞ സ്ഥലത്ത് രണ്ട് കാറുകൾ നിർത്തിയിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പോലീസ് പരിശോധന നടത്തുകയായിരുന്നു. കാറിൽ ഇരുന്നായിരുന്നു ഇവരുടെ കച്ചവടം.

പ്രതികളിൽ ചിലർ മുമ്പും ലഹരി കേസുകളിൽ ഉൾപ്പെട്ടവരാണ്. നിലവിൽ പ്രതികൾക്കെതിരേ കേസെടുത്ത് അന്വേഷണം പുരോഗമിക്കുകയാണ്. ലഹരിമരുന്ന് വിതരണവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ശേഖരിക്കാനുള്ള ശ്രമത്തിലാണ് കൊട്ടിയം പൊലിസ്.

പുന്നക്കുളം ഷംനാ മൻസിലിൽ ഷംനാസ് (34), കടത്തൂർ എൻ. എൻ ക്വാർട്ടേസിൽ നിയാസ്(39) എന്നിവരെയാണ് കരുനാഗപ്പള്ളി പൊലിസ് പിടികൂടിയത്. ഇവരുടെ പക്കൽ നിന്ന് 4.14 ഗ്രാം എംഡിഎംഎ പിടിച്ചെടുത്തു. കരുനാഗപ്പള്ളി ഇൻസ്പെക്ടർ ബിജുവിെ ൻറ നേതൃത്വത്തിൽ ഷംനാസിെ ൻറ വീട്ടിൽ നടത്തിയ പരിശോധനയിൽ നിയാസ് വിൽപനക്കായി എത്തിച്ച എംഡിഎംഎയാണ് കണ്ടെത്തുന്നത്. അഞ്ചാലുംമൂട് പോലീസിെ ൻറ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ 2.32 ഗ്രാം എംഡിഎംഎയുമായി രണ്ടുപേരാണ് പിടിയിലായത്.

നീരാവിൽ കരിക്കൽ വീട്ടിൽ അതുൽ (25), പനയം പാലഴി വീട്ടിൽ ഗിരീഷ്(47) എന്നിവരെയാണ് അഞ്ചാലൂമൂട് സബ് ഇൻസ്പെക്ടർ ഗിരീഷിെ ൻറ നേതൃത്വത്തിലുള്ള സംഘം എസ്ബിഐ ബാങ്കിന് സമീപത്ത് നിന്ന് പിടികൂടിയത്. ഡാൻസാഫ് എസ്ഐ മാരായ അനീഷ്, കണ്ണൻ, സായിസേനൻ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘാംഗങ്ങളും പരിശോധനാ സംഘത്തിലുണ്ടായിരുന്നു. തുടർന്നും ലഹരി വിൽപന സംഘങ്ങൾക്കെതിരേ ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് പോലീസ് അറിയിച്ചു.

## നിലമ്പൂരിലെ ഫലം ജനങ്ങൾ സർക്കാരിന് നൽകിയ സന്ദേശം: കെ. സി. വേണുഗോപാൽ

തിരുവനന്തപുരം: നിലമ്പൂരിലെ ഉപതെരഞ്ഞെടുപ്പ് ഫലം ജനങ്ങൾ സർക്കാരിന് നൽകിയ സന്ദേശമെന്ന് എഐസിസി ജനറൽ സെക്രട്ടറി കെ. സി. വേണുഗോപാൽ. ഇതുപോലെ ജനങ്ങൾ വെറുത്തൊരു സർക്കാർ വേറെയില്ലെന്ന് വേണുഗോപാൽ പ്രതികരിച്ചു. എല്ലാവരെയും വെല്ലുവിളിക്കുന്ന സർക്കാരാണിത്. പി. വി. അൻവർ പിടിച്ചതും ഭരണവിരുദ്ധ വോട്ടാണെന്നും വേണുഗോപാൽ പറഞ്ഞു. അൻവറിന്റെ യുഡിഎഫ് പ്രവേശം ചർച്ച ചെയ്യേണ്ട സമയം ഇതല്ല. അത് യുഡിഎഫ് ആലോചിച്ച് തീരുമാനിക്കേണ്ടതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## അപേക്ഷ ക്ഷണിച്ചു

സ്കോൾ-കേരള മുഖാന്തിരം തെരഞ്ഞെടുക്കപ്പെട്ട സർക്കാർ, എയ്ഡഡ് ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ സംഘടിപ്പിക്കുന്ന ഡി.സി.എ കോഴ്സ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ യോഗ്യതയുള്ളവർക്ക് പ്രായപരിധിയില്ലാതെ അപേക്ഷിക്കാം. 25 മുതൽ www.scolekerala.org മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം.

പിഴകൂടാതെ ജൂലൈ 15 വരെയും 60 രൂപ പിഴയോടെ 25 വരെയും ഫീസ് അടച്ച് രജിസ്റ്റർ ചെയ്യാം. വിദ്യാർഥികൾ ഓൺലൈൺ രജിസ്ട്രേഷനു ശേഷം രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷകൾ എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ സ്പീഡ് അല്ലെങ്കിൽ രജിസ്ട്രേഡ് തപാൽ മാർഗം എത്തിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2342950, 2342271, 2342369.